
# പിക്സൽസ്



## സെന്റ് മേരീസ് എടത്വാ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



ആശയങ്ങൾ അനുരൂപമാക്കുന്ന ഡിജിറ്റൽ യുഗത്തിലാണ് നമ്മൾ. അറിവിനെ അവതരിപ്പിക്കുവാൻ ഇന്ന് അക്ഷരക്കൂമ്പാരങ്ങൾ ആവശ്യമില്ല. ഈ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ സ്വന്തമാക്കി ആരംഭിക്കുന്ന ഈ ഡിജിറ്റൽ മാസികയ്ക്ക് ഏറെ പ്രസക്തിയുണ്ട്. അവതരണത്തിലും ആശയ ഗാംഭീര്യത്തിലും മുന്നിൽ നിൽക്കുന്ന ഒരു മൂല്യാധിഷ്ഠിതപതിപ്പായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു. അണിയറപ്രവർത്തകർക്ക് അനുമോദനങ്ങൾ.......

ശുഭാശംസകളോടെ

ഫാദർ .ജെ. മണക്കുന്നേൽ

മാനേജർ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി പ്രകാരം നമ്മുടെ വിദ്യാലയങ്ങൾ ഹൈടെകായി മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ,നൂതനസാങ്കേതിക വിദ്യക്കളുമായി നമ്മുടെ കുട്ടികൾക്കും ഇടപെടുവാനും സാഹചര്യമൊരുക്കിയതിന് 'കൈറ്റി' ന് വലിയ പങ്കുണ്ട്.

കുട്ടികൾ തയാറാക്കിയ 'പിക്സൽസ് ' എന്ന ഡിജിറ്റൽ മാഗസിൻ ഇതിന് തെളിവാണ്.

കുട്ടികളുടെ ഈ വലിയ സംരഭത്തിൽ എല്ലാവിധ ആശംസകളും അനുമോദനങ്ങളും അറിക്കുന്നതോടൊപ്പം ഇതിനുവേണ്ട പ്രോത്സാഹനവും പിന്തുണയും നൽകിയ സ്കൂൾ കൈറ്റ് മാസ്റ്റേഴ്സായ സിസ്റ്റർ ജീനാ ജോർജിനും,സീനിയാ മോൾ മാത്യു വിനും പ്രത്യേക അഭിനന്ദനവും അറിയിക്കുന്നു.

ഹെഡ്മിസ്ട്രസ്സ്

ശ്രീമതി. ട്രീസ സെബാസ്റ്റ്യൻ

## എഡിറ്റോറിയൽ..........................

കാലചക്രം ഉരുളുകയായി.......

ഉത്സവത്തോടെ ആരംഭിച്ച വിദ്യാലയവർഷം...

പ്രളയം വികൃതമാക്കിയ നിറക്കൂട്ടുകൾ...

അവശേഷിപ്പിച്ച ചെളിപ്പാടുകൾ....

കൈതന്നുയർത്തിയ കരുതലുള്ള സഹോദരങ്ങൾ..

ചേർത്തു നിർത്തിയ ഡിജിറ്റിൽ ലോകം...

ജീവിതത്തിൽ വീണ്ടും പച്ച പുതപ്പിച്ചു....

അതിജീവന വഴിയിൽ ഒരു ചലഞ്ചായി....

ഡിജിറ്റൽ മാസിക നിർമ്മാണം ഏറ്റെടുത്തു....

പിക്സൽസ് പിറവിയെടുത്തു....

ഇതിനായി പണിയെടുത്ത

എല്ലാം കൂട്ടുകാർക്കും നന്ദിയും  ആശംസകളും...

ആഷ് ലി അനിൽ

ജോസ്മി ആന്റണി

അർച്ചന മനോജ്

# ഹോം പേജ്



| ക്രമനമ്പർ | | പേജ് |
|---|---|---|
| 1 | എന്റെ വിദ്യാലയം | 8 |
| 2 | എന്റെ ബാല്യം | 9 |
| 3 | സമയത്തിന്റെ വില | 10 |
| 4 | മഴ | 11 |
| 5 | ഭംഗിയില്ലാത്ത താറാക്കുഞ്ഞ് | 12 |
| 6 | ഇന്നിവിടെ | 16 |
| 7 | യാത്രാവിവരണം | 18 |
| 8 | മാതൃവിലാപം | 20 |
| 9 | മുൻകോപം വരുത്തിയവിന | 21 |
| 10 | വാഴക്കുല | 22 |
| 11 | ഭാരതത്തിലെ നൃത്തരൂപങ്ങൾ | 23 |
| 12 | കുരങ്ങനുപറ്റിയ അമളി | 25 |
| 13 | മറിയുന്ന മൂല്യങ്ങൾ | 26 |
| 14 | പൂവ് | 28 |
| 15 | പിശുക്കനു പറ്റിയ പറ്റ് | 29 |
| 16 | നിൽക്കു ശ്രദ്ധിക്കു കാലിടറാതെ | 31 |

| | | |
|---|---|---|
| 17 | ഗാന്ധിജി പിന്നിട്ട വഴികൾ | 33 |
| 18 | മൗനം ഏറ്റവും ഫലവത്തായ ഔഷധം | 34 |
| 19 | വേഴാമ്പൽ | 36 |
| 20 | വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം | 37 |
| 21 | ക്വിസ്സ് | 38 |
| 22 | അമ്മയായ ഭൂമി | 39 |
| 23 | നല്ലവനായ കാക്ക | 40 |
| 24 | നമുക്ക് ചുറ്റും | 41 |
| 25 | അഴിമതി | 43 |
| 26 | അമ്മമനസ്സ് | 44 |
| 27 | ജലം | 45 |
| 28 | കരിനാദധ്വാനം | 46 |
| 29 | ഗണിതക്വിസ്സ് | 47 |
| 30 | കുട്ടുകാരി | 48 |
| 31 | പ്രകൃതി മലിനീകരണം | 49 |
| 32 | അണ്ണാറക്കണ്ണൻ | 50 |
| 33 | സഹോദരസ്നേഹം | 51 |
| 34 | കുഴിമടിയൻമാർ | 52 |
| 35 | അമ്മ | 54 |
| 36 | അനുഭവക്കുറിപ്പ് | 55 |
| 37 | പണ്ടു പണ്ടുള്ളൊരു തേങ്ങാക്കഥ | 56 |

| | | |
|---|---|---|
| 38 | അണ്ണാറക്കണ്ണന്റെ അഹങ്കാരം | 57 |
| 39 | എന്റെ പ്രകൃതി | 58 |
| 40 | ക്വിസ്സ് | 59 |
| 41 | ജീവനേകിയ ദൈവം | 60 |
| 42 | ഹൃദയബന്ധമുള്ള രണ്ടു സുഹൃത്തുക്കൾ | 61 |
| 43 | ധീരജുവാൻമാർ | 63 |
| 44 | ജൈവപ്രപഞ്ചത്തിന്റെ ............. | 64 |
| 45 | തേനീച്ച | 65 |
| 46 | ആധുനിക വിദ്യാഭ്യാസവും കമ്പ്യൂട്ടറുകളും | 66 |
| 47 | ബാല്യം | 67 |
| 48 | പ്രളയം | 68 |
| 49 | Good Morning | 70 |
| 50 | Friendship | 71 |
| 51 | Know your Ministers | 72 |
| 52 | Let us Listen | 73 |
| 53 | Magic Beauty | 74 |
| 54 | The Best | 75 |
| 55 | The Diverse Beauty | 76 |
| 56 | परिश्रम का विजय | 81 |
| 57 | प्रेम | 83 |

# എന്റെ    വിദ്യാലയം.....



എടത്വായിലും പരിസര പ്രദേശങ്ങളിലുമുള്ള അനേകായിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്ന് നൽകുന്ന പരിശുദ്ധ അമ്മയുടെ നാമധേയത്തിലുള്ള ഒരു വിദ്യാലമാണ് സെന്റ് മേരീസ് ഗേൾസ് ഹൈ സ്‌കൂൾ. ആലപ്പുഴ ജില്ലയിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായ എടത്വാ പള്ളിയുടെ പിറകു വശത്തായി സ്ഥിതിചെയ്യുന്നു. എന്റെ വിദ്യാലയം ഈ പ്രദേശത്തെ ഏറ്റവും നല്ല വിദ്യാലയങ്ങളിൽ ഒന്നാണ് എന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. സ്നേഹനിധികളായ അധ്യാപകരും സുഹൃത്തുക്കളും ചേർന്ന് യഥാർത്ഥത്തിൽ

ഇതിനെ ഒരു സ്വർഗ്ഗമാക്കി തീർക്കുന്നു.ഇത് വിദ്യാലയത്തിലെ അദ്ധ്യാപകരുടെ സ്നേഹവും പരിപാലനവും വളരെയധികം പ്രശംസ അർഹിക്കുന്നതാണ്. അവർ എന്റെ ഹൃദയത്തിൽ അറിവിന്റെ വെളിച്ചം പകർന്നുനൽകുന്നു.ഈ നാടിന്റെ കെടാവിളക്കും തിലകക്കുറിയുമാകണം നമ്മുടെ വിദ്യാലയം. അതിന് ഇനിയും നമ്മൾ മുന്നേറണം. കോട്ടങ്ങൾ പരിഹരിച്ചും നേട്ടങ്ങൾ കൊയ്ത്ത് ഒരുമിച്ച് മുന്നോട്ട് നീങ്ങാം.അങ്ങനെയെന്നും തിളങ്ങി നിൽക്കാൻ പരിശുദ്ധ അമ്മയുടെ സഹായവും തേടി പ്രാർത്ഥനയിലൂടെയും പരിശ്രമത്തിലൂടെയും മുന്നേറാം.

കെസിയ തോമസ്
8 A

# എന്റെ ബാല്യം



എന്നും എൻ ഓർമ്മകളിൽ
കുളിർമുത്തു വിതറുന്ന
ഒരുപിടി ഓർമ്മകൾ നൽകുന്നു
എൻ കുരുന്നു ബാല്യം.

ആദ്യമായ് അക്ഷരം പഠിക്കുവാൻ
വിദ്യാലയ പടികൾ കയറിയതും
കൂട്ടുകാരുമൊത്ത് രസിച്ചു നടന്നതും
ഇന്നും എനിക്കുന്മേഷം നൽകുന്നു.

അമ്മതൻ താരാട്ടും
അച്ഛന്റെ വാത്സല്യവും
മുത്തശ്ശിതൻ ചെറുകഥകളും
ഇന്നും വലിയ സന്തോഷമെനിക്കേകുന്നു.

തൊടിയിൽ കുഞ്ഞിക്കാൽവെച്ച് ഞാൻ നടന്നതും
കണ്ണിമാങ്ങ പറിച്ചതും
ഉപ്പുകൂട്ടി കഴിച്ചതും
ഇന്നും മധുരമാം ഓർമ്മകളാണ്.

ആദ്യമായ് ഞാൻ വീണു
കാൽമുട്ടുമുറിഞ്ഞപ്പോൾ
മുറിവ് വെച്ചുകെട്ടി എന്റെയേട്ടനും
ശുശ്രൂഷതൻ ബാലപാഠം എന്നെ പഠിപ്പിച്ചു.

ജീവിതത്തിൽ തെറ്റിലേക്ക് വഴുതി വീഴാതെ
എന്നെ കാക്കുന്ന വിജയമന്ത്രം
എന്റെ മാതാപിതാക്കൾ തന്ന
ചൊല്ലുകൾ ഒന്നുമാത്രമാണ്.

എന്നുമെൻ ഓർമ്മകളിൽ
നറുമുത്തു വിതറുന്ന
നിറയെ ഓർമ്മകളുണ്ട്
ഇന്നും എൻ മനസ്സിൽ.

അർച്ചന മനോജ് 9A

# സമയത്തിന്റെ വില

സമയം നിശ്ചിതമാണ്.ഒരിക്കൽ പോയാൽ പിന്നെ തിരിച്ചുകിട്ടുകയില്ല.വേണ്ട കാര്യം വേണ്ടനേരത്ത് ചെയ്യാൻ പറ്റുന്നതുപോലെ മഹനീയമായ മറ്റൊരു കാര്യമില്ല.ഏതൊരു വിദ്യാർത്ഥിക്കും സമയം വിലപ്പെട്ടതാണ്.സമയം ദുരുപയോഗിക്കുന്നവന് ഉന്നതങ്ങളിൽ എത്താൻ കഴിയില്ല.സമയം നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കണം.ഏതു വിഭാഗത്തിൽപ്പെട്ട ആളായാലും അവനവന്റെ ജോലിസമയനിഷ്ഠയോടെ ചെയ്യണം.ഉചിതമായി സമയത്തെ ക്രമീകരിച്ച് ഉപയോഗിക്കുന്നതിലാണ് ഒരു വിജയം വ്യക്തിയുടെമേൽ തുടങ്ങുന്നത്.

ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ നാളേക്ക് മാറ്റിവച്ചാൽ നാളത്തെ കാര്യവും ഇന്നത്തെ കാര്യവും ഒരുമിച്ച് ചെയ്യേണ്ടിവരും.ഉദ്ധാഹരണത്തിന് ഒരു രോഗിക്ക് മരുന്ന് കൊടുക്കാൻ ഒരു നിമിഷം വൈകിയാൽ അത്യപത്തുണ്ടാകും.ഒരു കർഷകൻ വിത്ത് വിതക്കാൻ പോകേണ്ട സമയത്ത് പോയില്ലെങ്കിൽ കൃഷിയിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലം ലഭിക്കുകയില്ല. സമയത്തിന്റെ വില മനസ്സിലാക്കി അത് ഉപയോഗിക്കണം.

സമയം നമുക്കുവേണ്ടി കാത്തിരിക്കുകയില്ല. സമയമാണ് നമ്മുടെ ജീവിതത്തെ നയിക്കുന്നത്.നമ്മൾ അറിയാതെ നമ്മളെ കടന്നുപോകുന്ന ഒരു കാറ്റുപോലെയാണ് സമയം.നമ്മൾ ശ്വസിക്കുന്ന വായുവിന്റ അത്രയും വില  സമയത്തിനുമുണ്ട്.നമ്മുക്ക് ഭൂതകാലത്തിലേക്ക് തിരിച്ചുപോകാൻ കഴിയില്ല.സമയത്തിന് മുൻപിൽ രണ്ടാമതൊരു അവസരം കൂടിയില്ല.സമയം നൽകുന്ന ഓരോ അവസരവും സ്വീകരിച്ച് അതിനെ പരമാവധി ഉപയോഗപ്പെടുത്തണം.

"തിരമാലയും സമയവും മനുഷ്യനുവേണ്ടി കാത്തിരിക്കില്ല"ഈ പഴഞ്ചൊല്ല് സമയത്തിന്റെ വില വെളിപ്പെടുത്തുന്നു."

കാവ്യ ഷിബു 9A

# മഴ



ഉച്ച നേരത്തൊരു കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ കാർമുകിലേ
തല്ലിച്ചിതറുമാ ചില്ലുകണക്കെയെൻ
മുന്നിലുൻമാദിനിയായ് പൊഴിഞ്ഞു
നിൽക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിന്റെ കളിരേറ്റു വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മഴ മുകളിലെ  ഉറവയോടിഴുകുന്നുവോ
നിന്റെ സ്മൃതി ഗീതം അലകളായ് തഴുകിടുമ്പോൾ
എന്റെ ഗതകാല സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ എൻ മനമൊരു
മയിലായ് ആടുന്നുവോ നീളുന്ന ചെമ്മണ്ണു
പാതകളിൽ
മഴനീരു നുഴയുന്നു നാഗത്തെ പോൽ
ദൂരെ മഴനീരു നുഴയുന്നുനാഗത്തെ പോൽ

ജിറ്റി മരിയ ജേക്കബ്
8 C

# ഭംഗിയില്ലാത്ത താറാക്കുഞ്ഞ്



അതൊരു വേനൽക്കാലമായിരുന്നു. സ്വർണ്ണനിറമുള്ള ചോളക്കതിരുമായി പാടങ്ങൾ കൊയ്ത്തിനു പാകമായി നിന്നു. ചുറ്റും ആസ്വാദ്യകരമായ മണം! പൂമ്പാറ്റകൾ പൂക്കൾക്കു ചുറ്റും പറന്നു കളിച്ചു. തേനീച്ചകളുടെ മുരളൽ എല്ലായിടത്തുനിന്നും ഉയർന്നു കേൾക്കാം. കുളത്തിനരികെ , കുറ്റിച്ചെടികളുടെ നിഴലിൽ ഒരമ്മതാറാവ് മുട്ടകളുടെ മേൽ ക്ഷമയോടെ അടയിരിക്കുന്നുണ്ടായിരുന്നു. മുട്ടവിരിഞ്ഞ് തന്റെ ഓമനക്കുഞ്ഞുങ്ങൾ പുറത്തുവരുന്നതു കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളുകളായി . തന്റെ മുട്ടകൾ വിരിയാൻ ഒരുപാടു സമയമെടുക്കുന്നുവെന്ന് അവൾക്കു തോന്നി. അടയിരിക്കുന്നത് അവൾക്കു മുഷിഞ്ഞു തുടങ്ങി. "എന്തെങ്കിലും അനക്കമുണ്ടോ ആവോ? " അവളെഴുന്നേറ്റ് ഒന്നു തിരിഞ്ഞുനോക്കി. "ഏയ് ,അനക്കമേയില്ല." മുട്ടകൾ അങ്ങനെ തന്നെ ഇരിക്കുന്നു.കാത്തുകാത്തിരുന്ന് ഒടുവിൽ അതുസംഭവിച്ചു. ഒരു മുട്ടത്തോടു പൊട്ടി. പിന്നെ ഒന്നിനു പുറകെ ഒന്നായി മുട്ടകൾ വിരിഞ്ഞു. കാഴ്ച്ചയ്ക്ക് കൗതുകം തോന്നുന്ന രൂപത്തോടെ കുഞ്ഞിത്താറാവുകൾ പുറത്തുവന്നു. അവ അമ്പരന്ന് ചുറ്റും നോക്കി. "ക്വാക്ക് ക്വാക്ക് !" അവ ചിലച്ചു. പിന്നെ വിസ്മയത്തോടെ കുഞ്ഞിക്കണ്ണുകൾ മിഴിച്ച് ഓരോന്നും ഉറ്റു നോക്കി. "ക്വാക്ക് ക്വാക്ക് !" അവരുടെ ശബ്ദത്തിൽ അദ്ഭുതം കലർന്നിരുന്നു. "ഒക്കെ കാത്തിരുന്നു കാണുക." അതു കേൾക്കെ അമ്മത്താറാവ് പറഞ്ഞു, "ഈ വലിയലോകത്ത് നിങ്ങൾക്കിനിയും ഒരുപാടു കാര്യങ്ങൾ കാണാനുണ്ട് ." അമ്മത്താറാവ് തന്റെ മക്കളെച്ചൊല്ലി കാര്യമില്ലാതെ ഒച്ചപ്പാടുണ്ടാക്കി.

എല്ലാ മക്കളും അടുത്തുതന്നെയുണ്ടോയെന്ന് ഇടയ്ക്കിടെ അതീവ ശ്രദ്ധയോടെ നോക്കി. എന്നാൽ ഒരു മുട്ട മാത്രം ഇത്രയും ദിവസമായിട്ടും വിരിഞ്ഞില്ലെന്നവൾ ഒട്ടൊരു അസ്വസ്ഥതയോടെ മനസ്സിലാക്കി . എല്ലാറ്റിലും

വലിയമുട്ടയായിരുന്നു അത് . ഒരു നെടുവീർപ്പോടെ അമ്മത്താറാവ് വീണ്ടും അടയിരിക്കാനായി തിരിഞ്ഞു. ഒരു വയസ്സിത്താറാവ് ആ സമയത്താണ് അവളെക്കാണാനായി വന്നത്. "അടയിരിക്കൽ ഇപ്പോഴും കഴിഞ്ഞില്ലേ? " അവൾ ചോദിച്ചു "ഓ , ദാ ഈ ഒരു വലിയമുട്ട മാത്രം ഇതുവരെ വിരിഞ്ഞില്ല. എത്ര നാളായെന്നോ ഈ ഇരിപ്പു തുടങ്ങിയിട്ട്? " അമ്മത്താറാവ് പറഞ്ഞു. " അമ്പമ്പോ എന്തൊരു വലിപ്പമാ ഈ മുട്ടയ്ക്ക്! വളരെ വിചിത്രമായിരിക്കുന്നു." വയസ്സിത്താറാവ് ആശ്ചര്യപ്പെട്ടു. "ഞാനാ മുട്ട നല്ലതുപോലൊന്നു കാണട്ടെ . ങാ, ഇതൊരു ടർക്കിയുടെ മുട്ടയായിരിക്കും. നിന്റെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഈ മുട്ടേം ഉപേക്ഷിച്ച് എന്റെ മക്കളോടൊത്ത് പോയി നന്നായിട്ടൊന്നു നീന്തിയേനെ!" അപ്രകാരം ചെയ്യാൻ അമ്മത്താറാവ് എന്തുകൊണ്ടോ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് വയസ്സിത്താറാവ് തലയും കുലുക്കി തന്റെ പാട്ടിനുപോയി. ഒടുവിൽ കാത്തുകാത്തിരുന്ന ആ സംഭവം നടന്നു . വലിയമുട്ടയുടെ തോടുപൊട്ടി വലിയൊരു താറാക്കുഞ്ഞ് പുറത്തുവന്നു. ചാരനിറമുള്ള ഒരു വൃത്തികെട്ടരൂപം! അമ്മത്താറാവിനാകെ വിഷമമായി. "ഹൊ! എന്തൊരു വൃത്തികെട്ട രൂപമാണിത് ! ഇവനൊരു ടർക്കിക്കുഞ്ഞാണെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല ." അവൾ പിറുപിറുത്തുകൊണ്ട് ആ വിചിത്രരൂപിയെ ഒന്നുകൂടെ നോക്കി .താറാക്കുഞ്ഞ് അമ്മയെ നോക്കി കൊണ്ടു പറഞ്ഞു.

"അമ്മേ, നമസ്കാരം മുട്ടയ്ക്കകത്തുനിന്നു പുറത്തെത്തിയതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു. അതിനകത്ത് എന്താ ഒരു ചൂട് ! എവിടെയാ എന്റെ കുഞ്ഞനിയൻമാരും അനിയത്തിമാരും ? "നല്ല തെളിച്ചമുള്ള പകലായിരുന്നതുകൊണ്ട് തന്റെ മക്കളെ നീന്താൻ കൊണ്ടുപോകാൻ അമ്മത്താറാവ് തീർച്ചയാക്കി. കുളത്തിനരികത്തേക്കു നടന്നിട്ട് അവൾ വെള്ളത്തിലേക്കു ചാടി.കുഞ്ഞിത്താറാവുകൾ അമ്മയെ പിൻതുടർന്നു.ഭംഗിയില്ലാത്ത താറാക്കുഞ്ഞും അവരോടൊപ്പം വെള്ളത്തിലേക്കു ചാടി.സന്തോഷത്തോടെ സാവധാനം തുഴഞ്ഞു. "ഓ ദൈവമേ ഇതെന്റെ കുഞ്ഞുതന്നെയാ,

അവനു നന്നായി നീന്താൻ കഴിയുന്നുണ്ടല്ലോ. " അതും പറഞ്ഞവൾ തന്റെ കുഞ്ഞുങ്ങളെ കുളത്തിലുള്ള മറ്റു താറാക്കുഞ്ഞുങ്ങൾക്കരികിലേക്ക് കൂട്ടിക്കൊണ്ടുപോയി. "കണ്ടോ മക്കളെ , നിങ്ങളുടെ കാല് ദാ, ഇതുപോലെ വിടർത്തി വയ്ക്കു. എന്നിട്ട് 'ക്വാക്ക് ' എന്നു പറഞ്ഞേ.... " അവൾ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കാൻ തുടങ്ങി . താറാക്കുഞ്ഞുങ്ങൾ അമ്മ പറഞ്ഞതുപോലെ ചെയ്തു.എന്നാൽ അവിടെയുണ്ടായിരുന്ന മറ്റു താറാക്കുഞ്ഞിനെ തിരഞ്ഞുപിടിച്ച് അവന്റെ കഴുത്തിൽ കൊത്തിപ്പറിക്കുന്നതിൽ ശ്രദ്ധ വച്ചു. " പൊയ്ക്കോ, വൃത്തികെട്ട കുഞ്ഞേ " അവന്റെ സഹോദരീസഹോദരൻമാർ പോലും അവനെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. " ഞങ്ങൾക്കു നിന്നെ വേണ്ട, കൂടെ കളിക്കാനാണെങ്കിൽ ഒട്ടുമേവേണ്ട. പോ വൃത്തികെട്ടവനേ...... പോ...!" പാവം കുഞ്ഞിനെ എല്ലാവരും കൊത്തുകയും തള്ളുകയും കളിയാക്കുകയും ചെയ്യുന്നതു കാൺകെ അമ്മത്താറാവിനു സങ്കടമായി. " ഛേ! അവനെ വെറുതേ വിടൂ " അവൾ പറഞ്ഞു " നിങ്ങൾ നിങ്ങൾ അവനെ ഇങ്ങനെ ചുമ്മാ കളിയാക്കരുത്." "എന്താ അവന്റെ ഒരു വലിപ്പം! കാണാനാണെങ്കിലോ ആകെ വികൃതം. ഞങ്ങൾക്കവനെ ഇഷ്ടമേ അല്ല". ഒരു തടിച്ച താറാവ് ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞു. മറ്റൊരു വയസ്സിത്താറാവ് അവനെ ഒരു നോക്കു കാണാനായി വന്നു. " ഒരു കുഞ്ഞുമാത്രം ഇത്ര വിരൂപനായത്. തികച്ചും നിർഭാഗ്യകരമായിപ്പോയി. നോക്ക്, മറ്റുള്ളവരെല്ലാം എന്ത് ഓമനകളാണ്!" പക്ഷേ , അവൻ മറ്റുള്ളവരേക്കാളൊക്കെ എത്ര നന്നായി നീന്തുന്നുണ്ട്! " അമ്മത്താറാവ് അവന്റെ പക്ഷം പറഞ്ഞു. ഇപ്പോൾ അത്ര ചന്തമില്ലെങ്കിലും വലുതാകുമ്പോഴേക്കും അവനൊരു സുന്ദരനായി മാറും." അവൾ കൊക്കുകൊണ്ട് താറാക്കുഞ്ഞിനെ ഓമനിച്ച് മൃദുവായി തലോടി. "നിങ്ങളെല്ലാവരും പോയി വെള്ളത്തിൽ കളിക്കിൻ-" അമ്മത്താറാവ് കുഞ്ഞുങ്ങളോടു പറഞ്ഞു. വികൃതരൂപിയായ ആ ചാരനിറക്കാരൻ അവിടെ ക്രൂരമായി അപമാനിക്കപ്പെട്ടു. താറാവുകളും താറാക്കുഞ്ഞുങ്ങളും അവനെ തള്ളിക്കയറ്റി. അവന്റെ സ്ഥിതി കൂടുതൽ വഷളായി. എല്ലാവരും അവനെ ഉപദ്രവിച്ചു. സഹോദരങ്ങൾ അവനെ ചീത്തപ്പേരുകൾ വിളിച്ചു. പാവം! താറാക്കുഞ്ഞിന്റെ സന്തോഷം മുഴുവൻ നഷ്ടപ്പെട്ടു. ഇനി എന്തു ചെയ്യണം എന്നറിയാതെ അവൻ ആകെ

വിഷമിച്ചു. ' ഭംഗിയില്ലാത്തതുകൊണ്ട് ഞാൻ എല്ലാവർക്കും വെറുക്കപ്പെട്ടവനാണ്. എന്റെ രൂപം എല്ലാവരെയും ഭയപ്പെടുത്തുന്നു. ഞാൻ എന്താ ചെയ്യു? അവൻ തേങ്ങിപ്പോയി . ദൂരെ എവിടെയെങ്കിലും പോകാം. ഞാനൊരു വൃത്തികെട്ടവനാണെന്ന് ആരും കരുതാത്ത എവിടെയെങ്കിലും! അവൻ നിറകണ്ണുകളോടെ തന്റെ അമ്മയെ അവസാനമായി ഒന്നു നോക്കി. കാരണം, അവൾ അവനോടൊരിക്കലും വെറുപ്പു കാണിച്ചിട്ടില്ലല്ലോ. അങ്ങനെ അവൻ അവിടുന്ന് യാത്രയായി. നടന്നു നടന്ന് അവസാനം ഒരു വലിയ ചതുപ്പു പ്രദേശത്തെത്തി . അവിടെ വളർന്നുനിന്ന കളപ്പുല്ലുകൾക്കിടയിൽ സുഖമായി ഉറങ്ങാൻ കഴിയുന്ന ഒരുസ്ഥലം അവൻ കണ്ടെത്തി.

അലീന അന്ന കുര്യൻ VB

"ഒരാൾക്ക് ശരിയായി വളരാൻ അഞ്ച് ഗുരുക്കൻമാർ വേണമെന്നാണ് വേദവ്യാസൻ പറയുന്നത്. അമ്മ,അച്ഛൻ, അദ്ധ്യാപകൻ, പുരോഹിതൻ, ജീവിതപങ്കാളി. "

# ഇന്നിവിടെ



കണ്ണടയ്ക്കാനാകില്ല നമുക്കിനിയും.....

കണ്ണിമ ചിമ്മാതെ നോക്കി നില്ക്കാം

കൺമുന്നിൽ നടക്കുന്നതോരോന്നും ...

കൺപോളകൾ തൽഭാരം ഏറെയാക്കുന്നു

കൊലകൾ അറുകൊലകൾ എങ്ങും...

കുഞ്ഞിന്റെ ജീവനുപോലും വിലയില്ലാതാകുന്നു

കൈക്കുഞ്ഞിനെ വിൽക്കുന്നു അമ്മമാർ....

കരയിലകറ്റാൻ കല്ലിലടിച്ചുകൊല്ലുന്നു

കുഞ്ഞുങ്ങളെപ്പോലും നരാധമൻമാർ

കടിച്ചു കീറുന്നു എങ്ങും എവിടെയും

കരയാൻ പോലും ശക്തിയില്ലാത്തവർ..

കാട്ടാളകരങ്ങളിൽ എരിഞ്ഞമരുന്നു

സ്ത്രീത്വത്തിൽ വിലപേശൽ നടക്കുന്നു

സ്ത്രീധനത്തിൻ പേരിൽ കത്തിയമരുന്നു ചിലർ

സ്ത്രീകൾ വിൽപ്പനചരക്കായ് മാറുന്നു...

സ്ത്രീകളാണവർക്കു ശത്രുക്കളെന്നും

സ്നേഹത്തിൻ അരുവികൾ വറ്റിത്തുടങ്ങിയേ

സ്നേഹിക്കാൻ മറന്നു തുടങ്ങി നമ്മളും

സ്നേഹിച്ചിടാം നമുക്കന്യോന്യം സകലരെയും...

സ്നേഹനാഥന്റെ മക്കളല്ലോ..... നമ്മൾ

ജ്യസ്റ്റീന തോമസ് 9 A

# യാത്രാവിവരണം



മൂന്നാം ക്ലാസ്സിൽ നിന്നും ഞങ്ങൾ അധ്യാപകരുമൊത്ത് വിനോദയാത്രയ്ക്കായി ഒരുങ്ങി. പ്രഭാതത്തിൽ ഏകദേശം 6 മണിയോടിക്കൂടെ ഞങ്ങൾ ഒരുമിച്ചുക്കൂടി. സഹദയുടെ അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങി ഞങ്ങൾ യാത്ര ആരംഭിച്ചു. ഞങ്ങൾ എല്ലാവരും പ്രാർത്ഥിച്ചു അതിനുശേഷം പാട്ടിട്ടു ഡാൻസുകളിച്ചു. ആദ്യം ആതിരപ്പള്ളി വെള്ളച്ചാട്ടം കാണാൻ പോയി.

പ്രകൃതിയുടെ വരദാനമായ വെള്ളച്ചാട്ടത്തിന്റ മനോഹാരിത ആസ്വദിക്കുവാൻ ഞങ്ങൾക്കു ഭാഗ്യം ലഭിച്ചു. വെള്ളത്തിന്റെ ശക്തമായ ഒഴുക്കും അതിന്റെ പേടിപ്പെടുത്തുന്ന സ്വരവും ഞങ്ങൾക്കു ഹൃദ്യമായി തോന്നി. തണുത്ത വെള്ളത്തിൽ കാലുനനയ്ക്കാൻ ഞങ്ങൾ എല്ലാവരും ഭാവിച്ചു. എന്നാൽ  അധ്യാപകർ ഞങ്ങളെ വഴക്കുപറഞ്ഞതിനാൽ അതിനുസാധിച്ചില്ല.

അതിനുശേഷം ഞങ്ങൾ സിൽവർ സ്റ്റോമിൽ പോയി. ആദ്യം അവർ ഞങ്ങളെ സ്വാഗതം അർപ്പിച്ചു. നയനമനോഹരമായ കാഴ്ചകൾ ഒരുക്കി സിൽവർസ്റ്റോം വരവേറ്റു. പൂമ്പാറ്റ തോട്ടത്തിന്റെ ഭംഗി ഞങ്ങൾ ആസ്വദിച്ചു. അത്ഭുതപ്പെടുത്തുന്ന പല ദൃശ്യങ്ങളും ഞങ്ങൾക്കു കാണാൻ കഴിഞ്ഞു അവിടുത്തെ വിനോദംപകരുന്നവയിൽ കയറി. പേടികൊണ്ട് അലറിവിളിച്ചെങ്കിലും ഞങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത നിമിഷങ്ങൾ ആയിരുന്നു അത്. ഞങ്ങൾ കുറെ റൈഡുകളിൽ കയറി. അതിനുശേഷം 3 ഡി കാണാൻ പോയി. പിന്നെ ഞങ്ങളെല്ലാവരും കാത്തിരുന്ന നിമിഷം വന്നെത്തി. ഞങ്ങളെ എല്ലാവരെയും വെള്ളത്തിൽ കളിയ്ക്കാൻ കൊണ്ടുപോയി. പിന്നെ റെയിൻ ഡാൻസ് കളിച്ചു. അപ്പോൾ സന്ധ്യയാകാറായി . അധ്യാപകർ ഞങ്ങളോടു തിരിച്ചു ബസിൽ കയറാൻ

പറഞ്ഞു. ചിരി പടർന്നിരുന്ന മുഖങ്ങളിൽ പെട്ടെന്നായിരുന്നു ഭാവമാറ്റം ഉണ്ടായത്. എല്ലാവരുടെയും മുഖം ദുഖത്തിൽ നിറഞ്ഞു. എങ്കിലും ഓർമ്മയുടെ പുസ്തകതാളുകളിൽ എഴുതിച്ചേർക്കാൻ പുതിയൊരു ഓർമ്മക്കുടി ഞങ്ങൾക്കു സമ്മാനിച്ച അധ്യാപകർക്കു നന്ദി പറഞ്ഞ് മനസില്ലാമനസോടെ ഞങ്ങൾ ബസിൽ കയറി ഞങ്ങളുടെ വിഷമം മനസിലാക്കിയ അധ്യാപകർ ഞങ്ങൾക്കു ഐസ്ക്രീം വാങ്ങിത്തന്നു. അപ്പോൾ ചിരിമാഞ്ഞ മുഖങ്ങളിൽ പുഞ്ചിരി പടർന്നു അങ്ങനെ ആദിവസത്തിന്റെ നല്ല ഓർമകൾ മനസിലേറ്റി ഞങ്ങൾ സന്തോഷത്തോടെ വീട്ടിലേക്ക് യാത്രതിരിച്ചു.

അനഘ ശ്രീകുമാർ VB

# മാതൃവിലാപം



പെറ്റൊരുമാത്രയിൽ അമ്മതൻ-

വേദനയെന്തെന്നറിഞ്ഞിടാക്കാലമല്ലോ?

അമ്മയ്ക്കുമാത്രമേയെല്ലാം ക്ഷമിക്കുവാൻ

ഉള്ളൊരു ഭാഗ്യം ദൈവം കൊടുത്തു.

അമ്മേടെ വേദനയെന്തെന്നറിഞ്ഞിടാ-

നാം വളർന്നില്ലയീഈകാലമത്രയും

തേങ്ങും മനസ്സുമായി നീറിപ്പുകയുന്നു

ഓരോരോ നേരവും എന്റെ അമ്മ

ആദ്യാക്ഷരം ചൊല്ലും നേരത്തും

അമ്മയെന്നും മന്ത്രിച്ചിരുന്നു

ആ പുണ്യനാമം ഇന്നും മായാതെ

മന്ത്രിക്കുന്നുണ്ട് ഞാൻ ഓരോനേരം

മാതൃവിലാപം എന്തെന്നറിഞ്ഞിടാ നാം വളർന്നില്ലയീ നാളത്രയും

അശ്വിനി അഞ്ജു IX A

# മുൻകോപം വരുത്തിയ വിന

ഒരിയ്ക്കൽ ഒരു കാട്ടിൽ രണ്ടു തലയും ഒറ്റ ശരീരവുമുള്ള ഒരു പക്ഷി പാർത്തിരുന്നു. രണ്ടു തലയാണെങ്കിലും അവർ ഒന്നിച്ച് ഒരേ വികാരത്തോടെ പരസ്പരം ഇഷ്ടങ്ങൾ പങ്കുവച്ച് സുഖത്തോടും സന്തോഷത്തോടും ജീവിച്ചു പോന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവർ കടൽക്കരയിൽ ചുറ്റിത്തിരിയുകയായിരുന്നു. ഓരോ തിരവന്നു പോകുമ്പോഴും സന്തോഷപൂർവ്വം വെള്ളത്തിലോടിക്കളിച്ചിരുന്ന ആ പക്ഷിക്ക് കടൽത്തിരയിൽ ഒരു പഴം കിട്ടി. ആ പഴം ഭക്ഷിച്ച ഒന്നാമത്തെ തലമറ്റേത്തലയോട് പറഞ്ഞു. "ഹായ്, എത്ര രുചികരമായ പഴം ഇതിനുമുൻപും ഞാൻ കടൽക്കരയിൽ നിന്നും ലഭിച്ച പഴങ്ങൾ കഴിച്ചിട്ടുണ്ട്. പക്ഷേ ഇത്ര വിശേഷപ്പെട്ട ഒരു പഴം ഞാനിതുവരെ ഭക്ഷിച്ചിട്ടില്ല. ഒരു അപൂർവ്വപഴം തന്നെയാണിത്. അതുകൊണ്ടാണ് ഇത്ര സ്വാദും മാധുര്യവും".അവൻ വീണ്ടും തുടർന്നു, "ഹരിചന്ദനത്തിന്റെയോ കല്പവൃക്ഷത്തിന്റെയോ ഫലമാവാം ഇത്. ഞാൻ ഭാഗ്യം ചെയ്തവനാണ് അതുകൊണ്ടാണ് ഈ വിശേഷപ്പെട്ട അമൃതഫലം എന്നെത്തേടിയെത്തിയത്" ഇതുകേട്ട് രണ്ടാമത്തെ തലയ്ക്ക് ആ പഴം ഭക്ഷിക്കാൻ ആഗ്രഹം തോന്നി . അവൻ പറഞ്ഞു , അത്രയ്ക്കു മാധുര്യമുള്ളതാണെങ്കിൽ ആ പഴം അല്പം എനിക്കു തരൂ. രണ്ടാമത്തെ തലയ്ക്ക് പഴം കിട്ടാത്തതിനാൽ വളരെ ദുഖം തോന്നി. പഴം കഴിച്ച് ബാക്കി വന്നപ്പോൾ ഒന്നാം തല പറഞ്ഞു ഏതായാലും ഈ പഴം പ്രിയതമയ്ക്കു കൊടുക്കാം. വീട്ടിലെത്തി പഴം പ്രിയതമയ്ക്കു നല്കി. ഇതു കൂടിയായപ്പോൾ രണ്ടാം തലയ്ക്ക് ദേഷ്യം വന്നു. ഒരു ദിവസം ഇരതേടുന്നതിനിടയിൽ രണ്ടാം തലയ്ക്ക് ഒരു വിഷക്കനി ലഭിച്ചു. എടാ നോക്കു ഇതാ ഒരു വിഷക്കനി നിന്നെ ഞാനൊരു പാഠം പഠിപ്പിക്കാൻ പോവുകയാണ്. ഞാനീ പഴം ഭക്ഷിക്കും . അവനെ തടഞ്ഞുകൊണ്ട് ഒന്നാം തല പറഞ്ഞു. നീ ആ കനി ഭക്ഷിക്കരുത് നീ അതു ഭക്ഷിച്ചാൽ നമ്മൾ രണ്ടുപേരും നശിക്കും. പക്ഷേ, ഒന്നാം തലയുടെ കരച്ചിൽ അവൻ കേട്ടില്ല. പ്രതികാരം മൂത്ത രണ്ടാം തല ആ കനി ഭക്ഷിക്കുകതന്നെ ചെയ്തു. അങ്ങനെ രണ്ടു പേരും തീവ്രവേദനയോടെ മരിച്ചു വീണു.

അഖില അശോക് VB

# വാഴക്കുല



കുലമൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കുവാൻ
മലയനുമുള്ളിൽ തിടുക്കമായി
അവരോമൽപ്പൈതങ്ങൾക്കങ്ങനെയെങ്കിലു
മവനൊരു സമ്മനമേകാമല്ലോ
അരുതവനെല്ലുനുറുക്കിയത് നിക്കലു
മരവയർകഞ്ഞിയവർക്കു നൽകാൻ
ഉടയോന്റെ മേടയിലുണ്ണികൾ പഞ്ചാര-
ച്ചുടുപാലടയുണ്ടുറങ്ങീടുമ്പോൾ
അവനുടെ കൺമണിക്കുഞ്ഞുങ്ങൾ പട്ടിണി-
ക്കുലയണമുച്ചക്കൊടും വെയിലിൽ
അവരുടെ തൊണ്ട നനക്കുവാനുള്ള തെ
ന്നയലത്തെ മേട്ടിലെത്തോട്ടുവെള്ളം.

ആര്യ രമേശ്

IX A2

# ഭാരതത്തിലെ നൃത്തരൂപങ്ങൾ



കഥകളി

കേരളത്തെ ലോകപ്രശസ്തിയിലേക്ക് ഉയർത്തിയ ശാസ്ത്രീയ നൃത്തരൂപമാണ് കഥകളി.പതിനേഴാം നൂറ്റാണ്ടിൽ പ്രചാരത്തിലായ ഈ കലാരൂപം ഇന്നും ഒട്ടും തിളക്കം നഷ്ടമാകാതെ നിലനിൽക്കുന്നു. വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലംഇന്ന് കഥകളി പരിശീലിപ്പിക്കുന്ന രാജ്യത്തെ മികച്ച കലാലയമാണ്.രാമനാട്ടം എന്ന കലയിൽനിന്നാണ് കഥകളി രൂപം കൊണ്ടത്.കഥകളിയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ.

മോഹിനിയാട്ടം

ഒരുകാലത്ത് സ്ത്രീകൾ മാത്രം അവതരിപ്പിച്ചിരുന്ന
ഒരേയൊരു കേരളിയ ശാസ്ത്രീയ നൃത്തമായിരുന്നു മേഹിനിയാട്ടം. ലാസ്യപ്രധാനമായ ഈ നൃത്തരുപത്തിന് സ്വതിതിരുനാൾ മഹാരാജാവിന്റെ കാലത്ത് ഏറെ പ്രോത്സാഹനം ലഭിച്ചു.മോഹിനിയാട്ട സംഗീതം കർണാടക രീതിയിലാക്കിയത് സ്വതിതിരുനാളാണ്.

ഒഡീസി

ഒഡീഷയിലെ ക്ഷേത്രങ്ങളിൽ പിറന്നുവീണ കലയാണ് ഒഡീസി.ഭക്തിയാണ് ഈ കലയുടെ അടിസ്ഥാനം.ഒരുകാലത്ത് ക്ഷേത്രങ്ങളിൽ മാത്രം അവതരിപ്പിക്കപ്പെട്ടിരുന്ന ഈ നൃത്തം ഇന്ന് ലോകമെങ്ങും സ്വീകരിക്കപ്പെടുന്നു.

സത്രിയ

വടക്ക് കിഴക്കൻ സംസ്ഥാനമായ അസമിലെ നൃത്തകലയാണ് സത്രിയ.വൈഷ്ണവ സന്യാസിയായ ശങ്കരദേവനാണ് ഈ കലാരുപത്തിന്റെ ഉപജ്ഞാതാവ്.
പതിനഞ്ചാം നൂറ്റാണ്ടിലാണ് അദ്ദേഹം ഈ കല രൂപപ്പെടുത്തിയത്.കൃഷ്ണന്റെയും രാധയുടേയും കഥ അടിസ്ഥാനമാക്കിയുള്ള ഒരുതരം നൃത്ത നാടകമാണിത്.

ഭരതനാട്യം

തമിഴ്നാട്ടിൽ ക്ഷേത്രകലയെന്ന രീതിയിലാണ് ഭരതനാട്യം രൂപം കൊണ്ടത്.ഭരതമുനായുടെ നാട്യശാസ്ത്രം എന്ന ഗ്രന്ഥമാണ് ഭരതനാട്യത്തിന് അടിസ്ഥാനം.ദാസിയാട്ടം എന്നറിയപ്പെട്ടിരുന്ന ഈ നൃത്തത്തിന് പത്തൊമ്പതാം നൂറ്റാണ്ടിൽ വലിയ പരിഷ്കാരങ്ങൾ സംഭവിച്ചു.ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ക്ലാസിക്കൽ നൃത്തമായി പലരും ഭരതനാട്യത്തെ വിശേഷിപ്പിക്കുന്നു.

കഥക്

ഉത്തരേന്ത്യയിലെ പ്രധാന നൃത്തകലയാണ് കഥക്. ഉത്തർപ്രദേശിലാണ് കഥകിന്റെ ജനനം.മുഗൾ ഭരണകാലത്ത് ഈ നൃത്തത്തിന്റെ അവതരണ രീതികളിൽ വലിയ മാറ്റങ്ങൾ ഉണ്ടായി.അക്ബർ ചക്രവർത്തികഥക് എന്ന കലയെ ഏറെ പ്രോത്സാഹിപ്പിച്ചു.

കുച്ചിപ്പുടി

ആന്ധ്രാപ്രദേശിലെ കുച്ചിപ്പുടി എന്ന ഗ്രാമത്തിലാണ് കുച്ചിപ്പുടി നൃത്തം രൂപപ്പെട്ടത്.ഭരതമുനിയുടെ നാട്ട്യശാസ്ത്രമാണ് കുച്ചിപ്പുടിയുടെ അടിസ്ഥാനഗ്രന്ഥം. ശ്രിക്രിഷ്ണ കഥകളാണ് സാധാരണയായി കുച്ചിപ്പുടിയിൽ അവതരിപ്പിക്കുന്നത്.ഭക്തിയാണ് ഈ നൃത്തകലയുടെ അടിസ്ഥാനമായി നിൽക്കുന്നത്.
വെമ്പട്ടി ചിന്നസത്യം എന്ന ഗുരു കുച്ചിപ്പുടിക്ക് ഏറെ
പരിഷ്കാരങ്ങൾ നൽകി.

മണിപ്പൂരി നൃത്തം

ശ്രീക്രിഷ്ണന്റെ കഥകൾ അടിസ്ഥാനമാക്കിയുള്ള സംഘനൃത്തമാണ് മണിപ്പൂരി.വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂർ ആണ് ഈ കലയുടെ ജന്മനാട്.മണിപ്പൂരി നൃത്തത്തിൽ ഭക്തിരസത്തിനാണ് പ്രാധാന്യം.മണിപ്പൂരി നൃത്തത്തെ പ്രശസ്തമാക്കിയതിൽ രവീന്ദ്രനാഥ ടാഗോർ വലിയ പങ്കുവഹിച്ചു.

ജോസ്മി ആൻറണി IX A

# കരങ്ങന് പറ്റിയ അമളി



ഒരിടത്തൊരിടത്ത് ഒരു വികൃതിയായ കുരങ്ങൻ ഉണ്ടായിരുന്നു. അവനാകാട്ടിലുള്ള മൃഗങ്ങളെയെല്ലാം ഉപദ്രവിച്ച് കളിച്ച് രസിച്ച് നടക്കുകയായിരുന്നു. തീറ്റ തേടി ഒരു ദിവസം അവൻ നാട്ടിലെത്തി. അവിടുത്തെ മനുഷ്യരെ ഉപദ്രവിക്കുക അവനൊരു ഹരമായിരുന്നു. അവന്റെ ശല്യം സഹിക്കവയ്യാതെ ആ മനുഷ്യർ അവനെ ഒരു പാഠം പഠിപ്പിക്കണമെന്നു തീരുമാനിച്ചു. അങ്ങനെ ഒരിക്കൽ ഒരു നല്ല പഴുത്ത ഏത്തപ്പഴം അവന്റെ കണ്ണിൽപെട്ടു. അവൻ അത് ഓടിച്ചെന്ന് കയ്യിലെടുത്തു.അപ്പോളാണ് അവന് മനസ്സിലായത് അത് ഒരു കെണിയായിരുന്നുവെന്ന്. ആളുകൾ ഓടിവന്ന് അവനെ കൂട്ടിലടച്ചു.അവന് വളരെ സങ്കടമായി അവന് അവന്റെ തെറ്റ് മനസ്സിലായി.ആളുകൾ അവനെ തിരിച്ച് കാട്ടിൽ കൊണ്ട് വിട്ടു.പിന്നെ അവൻ ആ കാട്ടിൽ സന്തോഷത്തോടെ ആരെയും ഉപദ്രവിക്കാതെ ജീവിച്ചു.

"നമ്മൾ ഒരിക്കലും ആരെയും ഉപദ്രവിക്കരുത് കാരണം അതിന് തക്കതായ ശിക്ഷ നമ്മുക്ക് കിട്ടും"

സോനാ സൂസൻ മാമൻ IX B

# മുറിയുന്ന മൂല്യങ്ങൾ



ഭൂമിയുടെ അദൃശ്യമായ അച്ചുതണ്ട് മൂല്യ സംസ്കൃതിയുടെതാണ്. അത് തകർന്നാൽ മനുഷ്യന്റെ അന്ത്യമായിരിക്കും സംഭവിക്കുക. അതിവേഗതയുടെ ഈ നൂറ്റാണ്ടിൽ തലയും മുറയും മറന്ന് അലമുറയിടുന്ന ഒരു ജനസമൂഹത്തിന്റെ ഭാഗമായി നാമോക്കെ മാറികൊണ്ടിരിക്കുകയാണോ. സഹാനുഭൂതിയുടെയും സഹായത്തിന്റെയും സഹയാത്രികരണമാണ് നമ്മൾ.ആദർശം കവറിലിട്ട് ചവറുപോലെ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരുടെ എണ്ണവും കൂടികൊണ്ടിരിക്കുന്നു.കവറിലിട്ടാൽ ചവറിനും പവറാണ് ഗുരുനിത്യചൈതന്യയതി ഓർമ്മിപ്പിക്കുന്നു.

പറയുന്നത് പാലിക്കുന്നവരുടെയും പാലിക്കുന്നവ പറയുന്നവരുടെയും എണ്ണം ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് പ്രകാശ ഗോപുരങ്ങൾക്ക് മങ്ങൽ സംഭവിക്കുന്നത് പോലെയാണ്. മൂല്യങ്ങൾ നഷ്ടപ്പെട്ടാൽ മനുഷ്യൻ പ്രാകൃതനും അക്രമിയും സ്വാർത്ഥനും ഒക്കെയാകും. മൂല്യങ്ങൾ പ്രധാനമായും 4 തരമാണ്.

- പ്രകൃതിദത്തം. ഇത് മനുഷ്യന്റെ മഹത്ത്വം വ്യക്തമാക്കുന്നവയാണ്.
- സാമൂഹിക മൂല്യങ്ങളാണ്. ഇത് സമൂഹത്തെ ഉറപ്പിക്കുന്ന തൂണാണ്.സത്യം, നീതി ,സ്നേഹം,സേവനം, സമഭാവന,ജാഗ്രത ഇതൊക്കെ ലോകത്തെവിടെയും സമൂഹനിർവിതിക്കു സഹായിക്കും
- മതപരമായ മൂല്യങ്ങൾ.വിശ്വാസം,പ്രാർത്ഥന,ദാനധർമങ്ങൾ,സ്വർഗ്ഗം ഇവയൊക്കെ മതപരമായ മൂല്യങ്ങളാണ് .മതനിഷേധികൾ ഇവയെ നിഷേധിക്കുന്നു.
- വ്യക്തിപരമായ മൂല്യങ്ങൾ.ആത്മാർത്ഥത,ധൈര്യം, അദ്ധ്യാനശീലം , ലാളിത്യം, ഉത്തരവാദിത്വബോധം ,പക്വത,ശുഭാപ്തി വിശ്വാസം,ശ്രവിക്കാനുള്ള സന്നദ്ധത ഇവയൊക്കെ നാം വളർത്തിയെടുക്കേണ്ട മൂല്യങ്ങളാണ്.മൂല്യങ്ങൾ ജീവിതത്തിന്റെ അടിത്തറ ബലപ്പെടുത്തുന്ന സിമന്റ് പോലെയാണ്.ഇവിടെ അതിർവരമ്പുകൾക്ക്

അതിന്റെതായ പ്രധാന്യമുണ്ട്. No എന്ന് പറയേണ്ടടത്ത് അത് പറയുവിൻ കഴിയണം.പിറന്നുവീഴുന്ന നിമിഷം മുതൽ മരിക്കുന്നതുവരെ മറ്റുള്ളവരുമായി ഇടപെടേണ്ടി വരുന്ന നമ്മുക്ക് മൂല്യാധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തുവാൻ ശ്രദ്ദയുള്ളവരാകാം.മറ്റുള്ളവരോട് നന്ദിയുടെ ഭാവം പുലർത്തി മതിലുകൾക്കു പകരം പാലം പണിയുവാൻ കഴിയണം.ആർഷ ഭാരതത്തിൽ വസിക്കുന്ന നാം മൂല്യാധിഷ്ഠിതമായ ഇതിന്റെ സംസ്ക്കാരം സ്വന്തമാക്കുവാൻ പ്രയത്നിക്കണം.നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വെള്ളക്കാരുടെ മുൻപിൽ പ്രയോഗിച്ച ആയുധം മലകളോളം പഴക്കമുള്ള സത്യവും അഹിംസയുമായിരുന്നു.ഇന്നും മൂല്യങ്ങൾക്കുവേണ്ടി ജീവൻ ഹോമിക്കുന്നവരുണ്ട്.

2003-മാർച്ച് 16,രാത്രയിൽ പലസ്റ്റീനായിലെ റാഫിൽ ധാരാളം അഭയാർത്ഥികൾ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നു.നിർദയം ഈക്യാമ്പുകളിലേക്ക് വാഹനമോടിച്ച് നിരപരാധികളെ കൊന്നൊടുക്കുവാൻ അണിയറ ശ്രമങ്ങളുണ്ടായിരുന്നു.സ്ത്രീകളും കുട്ടികളും മയങ്ങുന്ന ഒരു അഭയാർത്ഥികൾ ക്യാമ്പിനുനേരെ പാഞ്ഞുവരുന്ന ടാങ്കറിന്റെ ശബ്ദം-അമേരിക്കൻ മനുഷ്യാവകാശ പ്രവർത്തക-റേച്ചൽ കോറി കേട്ടു.അവൾ ഓടി ആ ടാങ്കറിന്റെ മുന്നിൽ കയറിനിന്നിട്ട് പറഞ്ഞു ദയവായി തിരിച്ചു പോകണം.യന്ത്രസമാനരായ പട്ടാളം പറഞ്ഞു ..മാറിനില്ക്കൂ.. ഒരു ഉപദ്രവവും ചെയ്യാത്ത ഇവരെ കൊല്ലരുതെന്ന് അവൾ കെഞ്ചി. തിരിച്ചുപോകാൻ കൂട്ടാക്കാത്ത പട്ടാളക്കാരോട് അവൾ പറഞ്ഞു.എന്നെ കൊന്നിട്ടേ നിങ്ങൾക്കവരെ

തൊടാൻ പറ്റൂ.അവളുടെ മുകളിലൂടെ ആ വണ്ടി കയറി.അവളുടെ നിലവിളിയുടെ ഇടവേളയിൽ നൂറുകണക്കിനാളികൾ രക്ഷപെട്ടോടി.ജീവാർപ്പണത്തോളമെത്തുന്ന മൂല്യധാര സൂക്ഷിക്കുന്നവർ ഇന്നും ലോകത്തിലുണ്ട്. നമുക്കും ഇവരുടെ പിന്നാലെ അണിചേരാം. ധാരാളം പ്രകാശഗോപുരങ്ങൾ നമുക്കുയർത്താം. അങ്ങനെ അന്ധകാരത്തെ ആട്ടിപ്പായിക്കാം.

സിസ്റ്റർ. .ജീനാമ്മ ജോർജ്ജ്

# പൂവ്



പൂവേ പൂവേ കൊഴിയല്ലേ പൂന്തെന്നലു

വന്ന് വിളിച്ചാൽ പോവല്ലേ

പുലരി പുതു മഴയിൽ ഇതളു പൊഴിക്കല്ലേ

ഒരിതളും നീ പൊഴിക്കല്ലേ

പുതുമണ്ണിനു ചൂടാനൊരു പൂവിതളും നല്കല്ലേ

ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ

വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ

പൂവണ്ടിൻ പ്രണയം പാഴാണേ

പൂന്തേനുണ്ണാൻ അണയുവതാരോ

നിന്നെക്കാണാൻ കൊതിയാണേ

നിന്നുടെ ചന്തം ഹരമാണേ

അതിനാലെന്നും കരുതേണേ

മഞ്ജുഷ ഹരീഷ്
IX A



# പിശുക്കന് പറ്റിയ പറ്റ്

നാട്ടിലെ കൊള്ളപ്പലിശക്കാരനായിരുന്നു പുട്ടണ്ണ.ധാരാളം പണമുണ്ടായിട്ടെന്താ മഹാ അത്യാഗ്രഹിയും പിശുക്കനുമായിരുന്നു അയാൾ. ആവശ്യമുള്ളവർക്ക് പണം കൊടുത്ത് കുടുതൽ പലിശയാണ് പുട്ടണ്ണ വാങ്ങിയിരുന്നത്.ഒരു ദിവസം രാത്രി പലിശപ്പണം വാങ്ങാൻ ഒരു വീട്ടിൽ പോയി തിരികെ വരുകയായിരുന്നു പുട്ടണ്ണ. പെട്ടെന്നാണ് ശക്തമായ കാറ്റും മഴയും ഉണ്ടായത്. മഴനനയാതിരിക്കാൻ അയാൾ അടുത്തു കണ്ട ഒരു ക്ഷേത്രത്തിലേക്ക് കയറി നിന്നു.ശ്രികോവിലിന് അടുത്ത് ചേർന്നുനിന്ന പുട്ടണ്ണ ആരുടേയോ സംസാരം കേട്ട് ശ്രദ്ധിച്ചു.അയാൾ നോക്കുമ്പോൾ ശ്രികോവിലിനുള്ളിൽ ദേവനും ദേവിയും തമ്മിൽ എന്തോ പറയുകയാണ്.പുട്ടണ്ണ അവർ പറയുന്നത് കേൾക്കാൻ ചെവി ക്രൂർപ്പിച്ചു. “നമ്മുടെ നാട്ടിലെ ഒരു കേശു,പാവം ഒരുപാട് കഷ്ടത അനുഭവിക്കുകയാണല്ലോ".അയാളെ നമുക്ക് ഒന്ന് രക്ഷപെടുത്തണമല്ലോ".ദേവി പറഞ്ഞതുകേട്ട് ദേവൻ തുടർന്നു.'ശരിയാ,ചെറ്റകുടിലിൽ കഴിയുന്ന ഒരു പാവത്തിന് നല്ലൊരു വീട് പണിയാൻ കുറച്ചു പണം കൊടുക്കണം ദേവന്റെയും ദേവിയുടെയും സംസാരം കേട്ട് പുട്ടണ്ണ ഞെട്ടിപ്പോയി. ങേ,ആ പീറ കേശവന് ദൈവം പണം നൽക്കാൻ പോണെയാണോ. ദൈവമേ ആ പണം തനിക്ക് കിട്ടിയിരുന്നെങ്കിൽ പലിശയ്ക്ക് കൊടുക്കുമായിരുന്നു. അയാൾ കരുതി. പിറ്റേന്ന് രാത്രിയും പുട്ടണ്ണ ദേവന്റെയും ദേവിയുടെയും സംസാരം കേൾക്കാൻ പാത്തും പതുങ്ങിയും ക്ഷേത്രത്തിലെത്തി അപ്പോൾ ദേവി പറയുകയാണ് " ആ കേശുവിന്റ കാര്യം എന്തായി ? " കേശുവിന്റെ വസ്തുവിൽ ഒരു പ്രത്യകതയുള്ള കാര്യം അയാൾക്ക് അറിയില്ല . അവിടെ ഒരു പുതിയ വീട് വച്ച ശേഷം അതിന്റെ

താക്കോൽ ഉപയോഗിച്ച് ആരെങ്കിലും ശൂന്യമായ പെട്ടി തുറന്നാൽ പെട്ടി നിറയെ രത്നങ്ങൾ ഉണ്ടായിരിക്കും പക്ഷേ പറഞ്ഞിട്ടെന്താ അയാൾ പുതിയൊരു വീട് വച്ചാലല്ലേ അങ്ങനെ സംഭവിക്കൂ ദേവൻ പറഞ്ഞു ശരിയാ അയാൾക്ക് സമയമാകുമ്പോൾ ആ ഭാഗ്യം ഉണ്ടാകട്ടെ ദേവി പറഞ്ഞു.അതുകേട്ട് പുട്ടണ്ണയുടെ കണ്ണുതള്ളി. എങ്കിൽ കാര്യം ഞാൻ ഒപ്പിച്ചെടുക്കാം അയാൾ കരുതി. പിറ്റേന്ന് പുട്ടണ്ണ കേശുവിനെ കണ്ട് പറഞ്ഞു. 'കേശൂ , നിനക്ക് പുതിയ വീടൊന്നും വയ്ക്കണ്ടേ.' ആഹാരത്തിനുപോലും വകയില്ലാത്ത ഞാനെങ്ങനെ വീടുവയ്ക്കും. എനിക്ക് പലിശയ്ക്കൊന്നും പണം വേണ്ട. അതുകേട്ട് പുട്ടണ്ണ പറഞ്ഞു'അതൊന്നുമല്ല കാര്യം. ഞാൻ പുതിയൊരു വീട് കേശുവിന് പണിതുതരാം. കാശൊന്നും വേണ്ട. എന്റെ ഒരു സന്തോഷത്തിന്. കേശു വേണ്ടന്ന് പറഞ്ഞെങ്കിലും പുട്ടണ്ണ സമ്മതിച്ചില്ല. അധികനാൾ കഴിയും മുമ്പ് നല്ലൊരു വീട് കേശുവിന് പുട്ടണ്ണയുടെ ചെലവിൽ പണിതുകൊടുത്തു. 'വളരെ നന്ദിയുണ്ട് പുട്ടണ്ണാ' കേശു പറഞ്ഞു. കേശുവിന് സമ്മതമാണെങ്കിൽ വീടിന്റെ താക്കോലുകളിൽ ഒന്ന് ഇന്നത്തേക്ക് മാത്രം എനിക്ക് തരണം എന്നിട്ട് വീട്ടിലെ പെട്ടികളെല്ലാം ഈ താക്കോൽ കൊണ്ട് തുറക്കണം. പിന്നെ ഞാൻ ഈ ലോകത്തെ ഏറ്റവും വലിയ ധനികനാകും. പുട്ടണ്ണ തുള്ളിച്ചാടി വീട്ടിലെത്തി പെട്ടികളിലെല്ലാം രത്നം ഒന്നും കണ്ടില്ല. പുട്ടണ്ണ രാത്രി ക്ഷേത്രത്തിൽ എത്തി ദേവന്റെയും ദേവിയുടെയും സംസാരം ഒളിച്ചുനിന്നു കേട്ടു. നമ്മൾ പറഞ്ഞതുപോലെ കേശുവിന് വീടായല്ലോ ദേവൻ പറഞ്ഞു. അതെ ആ പുട്ടണ്ണയാ വീടുവച്ച് കൊടുത്തത്. പുട്ടണ്ണയ്ക്ക് അധികം പണമുള്ളതുകൊണ്ട് പെട്ടിയിൽ രത്നം ഉണ്ടാകുമെന്ന വിദ്യവേണ്ടന്ന് വച്ചു. അതുകേട്ട് നാണംകൊണ്ട് പുട്ടണ്ണ വീട്ടിലേക്ക്നടന്നു. തന്റെ അത്യാഗ്രഹം ആണിതിന് കാരണമെന്ന് അയാൾ മനസ്സിലാക്കി. പിന്നീടയാൾ ആരിൽ നിന്നും പലിശ വാങ്ങിയിട്ടില്ല.

ആൻസി സേവ്യർ 8 C



# നിൽക്കൂ...... ശ്രദ്ധിക്കൂ കാലിടറാതെ.....

യുവാക്കളെ നിങ്ങൾ യുവത്വത്തിൽ തന്നെ തന്റെ സൃഷ്ടാവിങ്കലേക്ക് തിരിയുക.

വളരെ ഏറെ അപകടകരമായ ഒരു കാലഘട്ടമാണ് നമുക്ക് മുൻപിലുള്ളത്. അതിനാൽ നാം സർപ്പങ്ങളെപ്പോലെ വിവേകികളും ,പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ.നമ്മുടെ ഒരോ ചുവടുകളും പ്രാർത്ഥനയോടെ ആകട്ടെ. അതിലൂടെ ദൈവത്തിന്റെ കൃപ ലഭിക്കാനും പാപത്തിൽ നിന്ന് അകന്ന് നിൽക്കാനും സാധിക്കും.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലായ്കയിൽ
മാറ്റുവതു നിങ്ങളെ താൻ."

ഈ സമൂഹത്തിലെ പ്രശ്നങ്ങൾ കുമാരനാശാൻ എന്ന കവി ഹൃദയത്തിലുളവാക്കിയ കൊടും കാറ്റാണ് ഇവിടെ വ്യക്തമാക്കുന്നത്.നമ്മുടെ ചില തീരുമാനങ്ങൾ തെറ്റായി വരാം.തിരുത്തുക മുന്നോട്ട് നീങ്ങുക.പരാജയം വിജയത്തിന്റെ മുന്നോടിയായി കൂടുതൽ ശക്തരാകുക.പ്രകൃതിയിലേക്ക് നോക്കൂ,ഇതിന് ഉദാഹരണം അവിടുന്ന് ലഭിക്കും.ഹൈറേഞ്ചിൽ വലിയ കയറ്റം മാത്രമായിട്ടാണ് റോഡ് ഉള്ളത്.അതേ രീതിയിൽ ഉറക്കവും ഉണ്ട്. ഇതുതന്നെ ജീവിതത്തിലും.

നമ്മുടെ കാലം മോശമാണ് അതിനെ എതിർക്കാൻ നമുക്ക് കഴിയണം. ഒഴുക്കിനെതിരെ നീന്താൻ കഴിയുന്നവരാണ് യഥാർത്ഥ ജീവിതത്തെ മനസ്സിലാക്കിയവർ.ഏതാണ്ട് 30


നൂറ്റാണ്ടിന് മുൻപ് ജീവിച്ചിരുന്ന ഈശോയെക്കുറിച്ച് നിങ്ങൾക്ക് അറിയാമെന്ന് വിശ്വസിക്കുന്നു.മാതാപിതാക്കളെ അനുസരിച്ച് നിയമത്തിന് വിധേയനായി പന്തിയോസ്,പീലത്തോസിന്റെ കാലത്ത് ജനങ്ങളെ വഴിതെറ്റിക്കുന്നു എന്ന കുറ്റം ആരോപിക്കപ്പെട്ട് കുരിശിൽ തറച്ച് കൊല്ലപ്പെട്ട നസ്രത്തുകാരാൻ ഈശോ,33 വയസ്സു മാത്രമേ പ്രായമുള്ളായിരുന്നു.സത്യമായും ഈശോ ദൈവപുത്രനാണെന്ന് എല്ലാവർക്കും ബോധ്യമായത് രണ്ട് സംഭവങ്ങളിലൂടെ കുരിശ് മരണത്തിന്റെ സമയത്ത് ദേവാലയതിരശീല രണ്ടായി പിളർന്നു.മൂന്നാമത്തെ ദിവസം ഈശോ ഉയർത്തെഴുന്നേറ്റു.

സിനിമ താരങ്ങളയോ,സീരിയൽ താരങ്ങളയോ അല്ലെങ്കിൽ ക്രിക്കറ്റ് കളിക്കാരെയോ,വഴിയെ പോകുന്നവരെയോ അല്ല നാം റോൾ മോഡൽ ആക്കേണ്ടത്.33 വയസ്സിൽ മറ്റുള്ളവരുടെ പാപങ്ങൾ സ്വന്തം ശിരസ്സിലെടുത്ത് ആ യുവാവ് തന്റെ ജീവിതം പിതാവിലേക്ക് എത്തിച്ചു.ഒപ്പം നന്മകളെയും.

യുവത്വം അത് തെറ്റിലേക്കുതെന്നി മാറാനുള്ളതല്ല,മറിച്ച് ജീവിച്ചുകാണിച്ചു കൊടുക്കുക.ഞങ്ങളില്ല ഈ നശിച്ച ദുശ്ശീലങ്ങൾക്ക്.വരും തലമുറയെങ്കിലും ഈ മരണ സംസ്കാരത്തിൽ നിന്നു രക്ഷ നേടണം.സ്വയം
എരിഞ്ഞ് മറ്റുള്ളവർക്ക് പ്രകാശമേകാൻ നമുക്ക് കഴിയുമെങ്കിലും മറ്റുള്ളവരെ വേദനിപ്പിക്കാതെ ശത്രുവിനെ സ്നേഹിച്ച് പ്രതിബന്ധങ്ങളിൽ വിജയിച്ച് നമുക്ക് ലോകത്തെ കീഴടക്കാം.

ക്രിസ്റ്റി ജോർജ്ജ് 9A

# ഗാന്ധിജി പിന്നിട്ട വഴികൾ



1869: ഒക്ടോബർ 2 ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു.അച്ഛൻ കരംചന്ദ് ഗാന്ധി , അമ്മ പുത് ലി ബായി

1888: ബാരിസ്റ്റർ പരീക്ഷയ്ക്ക് പഠിക്കാനായി ലണ്ടനിലേയ്ക്ക് തിരിച്ചു .

1891: ഇന്ത്യയിൽ വന്നു വക്കാലത്തു തുടങ്ങി.

1894: ദക്ഷിണാഫ്രിക്കയിലെ നോറുകളിൽ സുപ്രീം കോടതയിൽ വക്കീലായി.

1904: ഡർബനിൽ നിന്ന് ഇന്ത്യ ഒഫിനിയൻ എന്ന പത്രം ആരംഭിച്ചു.

1907: രജിസ്ട്രേഷൻ നിയമത്തിനതിരെ സത്യാഗ്രഹ സമരം.

1910: ട്രാൻസ് വാളിനടുത്ത് ടോൾസ്റ്റോയ് ഫാം സ്ഥാപിച്ചു.

1915: ഇന്ത്യയിൽ മടങ്ങിയെത്തി. അഹമ്മദാബാദിൽ സത്യഗ്രഹ ആശ്രമം സ്ഥാപിച്ചു.

1921: വിദേശ വസ്ത്ര ബഹിഷ്കരണ പ്രക്ഷോഭം ആരംഭിച്ചു.

1929:ലാഹോർ കോൺഗ്രസ് സമ്മേളനത്തിൽ ഇന്ത്യ പൂർണ്ണ സ്വതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കി.

1930:ദണ്ഡിയാത്രയുടെ ഉപ്പ് സത്യാഗ്രഹം

1931:രണ്ടാം വട്ടമേശ സമ്മേളനം

1942:ക്വിറ്റ് ഇന്ത്യ പ്രമേയം അംഗീകരിച്ചു.

1944:കസ്തൂർബാ അന്തരിച്ചു.

1948:ജനുവരി 13 സാമുദായിക സൗഹാർദ്ദത്തിനുവേണ്ടി ഡൽഹിയിൽ ഉപവാസം ആരംഭിച്ചു.

1948:ഡൽഹിയിൽ ബിർള ഹൗസിൽ പ്രാർത്ഥന യോഗത്തിനു പോകവേ വെടിയേറ്റ് മരിച്ചു.

സാനിയ മാത്യു 8A

## മൗനം ഏറ്റവും ഫലവത്തായ ഔഷധം

വൃക്ഷങ്ങൾ നിശബ്ദതയിൽ വളരുന്നു.ബുദ്ധിമാന്മാർ നിശബ്ദതയിൽ പഠിക്കുന്നു, എന്നൊരുചൊല്ലുണ്ട് .നിശബ്ദതയുടെ മാധുര്യവും സൗന്ദര്യവും എളുപ്പം മനസ്സിലാക്കാൻ സാധിച്ചെന്ന് വരികയില്ല.പ്രകൃതിയുടെ പ്രശാന്തതയിൽ നിന്നാണ് കവികൾ പ്രചോദനം ഉൾകൊള്ളുന്നത് ഏകാന്തതയിലാണ് ഏതു നല്ല കൃതിയുടെ ജനനം. ഏതു നല്ല ജീവിതാവസ്ഥയിലും നിശബ്ദത അനിവാര്യമാണ്. അധികം സംസാരിക്കുന്നതു കൊണ്ട് പലപ്പോഴും വേദനിക്കേണ്ടി വരും.നിശബദത പാലിചതുകൊണ്ട് പ്രയാസപ്പെടേണ്ടി വരില്ല.അഗാധജ്ഞാനമുള്ള ആളിന്റെ വാക്കുകൾ അളന്നു തൂക്കിയുള്ളതായിരിക്കും. ശൂന്യങ്ങളായ പത്രങ്ങളാകും കൂടുതൽ ശബ്ദമുളവാക്കുക. നിശബദതക്ക് നിഗൂഢമായ ശക്തിയുണ്ട്.നിശബ്ദതയിൽ പൂക്കൾ വിരിയുന്നു.സൂര്യ രശ്മികൾ നിശബദതയിൽ സുതാര്യവസതുക്കളിൽ കടക്കുന്നു.നിശബ്ദതയിൽ മാത്രമേ ദൈവവുമായി വളരെ അടുത്ത
അഭിമുഖ ദർശനമാകൂ. പൂർവികരായ മനുഷ്യർക്ക് മരുഭൂമിയിലെ നിശബ്ദത വളരെ പ്രിയംകരമായിരുന്നു.മലമുകളിലെ ഏകാന്തതയിൽ നിന്ന് ആത്മാവിന് അനുഭൂതിയുടെ ചിറക്കുകൾ ലഭിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

മഹാത്മാഗാന്ധിയെപ്പോലെയുള്ളവർ നിശബദതയെ ആയുധമായി ഉപയോഗിച്ചിട്ടുണ്ട്.സ്വന്തം മനസാക്ഷിയുടെ സ്വരം കേൾക്കണമെങ്കിൽ,സ്വന്തം കർത്തവ്യങ്ങളെപറ്റി ചിന്തിക്കണമെങ്കിൽ പോലും നിശബ്ദതയിലെ

സാധിക്കു.ശബ്ദത്തെക്കാൾ അർത്ഥപൂർണമായ നിശബ്ദതയുണ്ടെന്ന സത്യം എല്ലാവരും അംഗീകരിക്കുന്നതാണ് വാചാലമായ മൗനം,ആയിരം നാവുള്ള മൗനം.എല്ലാ നിമിഷവും സംസാരിച്ചുകൊണ്ടിരിക്കുകയും വാക്കുകളുടെ അർത്ഥം മനസ്സിലാക്കാതെ മുന്നോട്ടുപോകുകയും ചെയ്യുന്നവരുടെ ജീവിതം ഒരിക്കലും സാഫല്യമടയുകയില്ല. നിശബ്ദത ഏറ്റവും നല്ല ഔഷധമായിതീരുന്നു.

സിസ്റ്റർ ജെന്നി ജോസഫ്



# വേഴാമ്പൽ



മകളെ, എൻ മകളെ നീ തേങ്ങുന്നതെന്തേ.
ജീവിതമെന്നത് ക്ഷണപ്രഭമല്ലയോ.
നിൻ ജീവിതം നോക്കി ജീവിക്കുക നീ
എന്നെയോർത്ത് കരയുന്നതെന്തിനേവം.
ഇക്കാലമത്രയും നിന്നെ സേവിച്ചു.
എൻ  കടമകൾ ഞാൻ പൂർത്തികരിച്ചു.
നി നിൻ മകളെയും നോക്കി വളർത്തുക.
ഉല്ലാസത്താൽ ജീവിച്ചു പോയിടുക
മോഹം കുറച്ചു ജീവിക്കുക നീ
മക്കളെ നോക്കി വളർത്തിടുക
ഞാൻ നിന്നെ സ്നേഹിച്ചതുപോലെ നീ
നിൻ മക്കളെയും സ്മേഹിച്ചിടുക
ക്രോധം നിൻ ജീവിതം ശമിപ്പിക്കാം
അത് പരിത്യജിച്ചു ജീവിക്കുക നീ
മക്കളെ നോക്കി ജീവിക്കുകയെന്നത്.
അമ്മ-യെന്ന നിന്റെ കടമയല്ലയൊ.

എലിസബത്ത് വർഗീസ്
൯ A1

# വിദ്യാദ്യാസത്തിൽ മാതൃഭാഷക്കുള്ള സ്ഥാനം

മറ്റു ജീവികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഏറ്റവും സവിശേഷമായ ഘടകം ഭാഷയുടെ സമർഥമായ ഉപയോഗമാണല്ലോ. ആശയവിനിമയ ഉപാധി എന്നതിനപ്പുറം ജൈവരൂപമായ ഭാഷ മനുഷ്യന്റെ പരമവിശിഷ്ടമായ ഒരു പാരമ്പര്യ സ്വത്താണെന്ന് പറയാം.ചരിത്രവും വർത്തമാനവും ചുറ്റുവട്ടവും സംസ്കാരവുമെല്ലാമാണ് മനുഷന് ഭാഷ.ഭാഷയില്ലാതെ ഒരു ജനസമൂഹത്തെ സങ്കൽപ്പിക്കാൻ സാധ്യമല്ലതന്നെ.സമ്പുഷ്ടവും അപുഷ്ടവുമായ  നിരവധി ഭാഷകളുണ്ട് ലോകത്തിൽ. ഏതവസ്ഥയിൽ സ്ഥിതിചെയുന്നതായാലും ഒരു വ്യക്തിക്ക് നാഭീനാള ബന്ധമുള്ളത് അവന്റെ മാത്രഭാഷയോടാണ്.പെറ്റമ്മയുടെ മുലപ്പാലിനൊപ്പം രക്തത്തിൽ പകർന്ന് കിട്ടുന്നതാണ് മാതൃഭാഷ.അത് വെറുമൊരു ആശയപ്രകാശനോപാധി മാത്രമല്ല.അത് പൈതൃകം,ഗതകാല സംസ്കാരം എന്നിവയുടെ ആർജ്ജീന വിശുദ്ധിയും അടയാളവുമാണ്.ഒരു കുട്ടിയുടെ അടിസ്ഥാന വിദ്യാദ്യാസം ആരംഭിക്കേണ്ടത് മാതൃഭാഷയിലൂടെയാണ്.മാതൃഭാഷയിൽ വേണ്ടത്ര ജ്ഞാനം നേടാതെ മറ്റ് ഭാഷകൾ സമർഥമായി പഠിക്കാൻ സാധ്യമല്ല. തൊഴിൽപരമായി ചിന്തിക്കുമ്പോൾ ഈ കൊച്ചുസംസ്ഥാനത്തിൽ വളരുന്ന കുട്ടികൾ ഇംഗ്ലീഷ് ഉൾപ്പെടെ ആഗോളതലത്തിൽ വ്യാപ്തിയുള്ള ഏത് ഭാഷയും അഭ്യസിക്കെണ്ടതാണ്.എന്നാൽ അതിനുവേണ്ടി കുട്ടിയുടെ വിദ്യാദ്യാസത്തിൽനിന്നും ചുറ്റുപാടുകളിൽ നിന്നും മാതൃഭാഷയെ ഒഴിവാക്കുന്നത് ശരിയായ കാഴ്ചപാടല്ല.മാതൃഭാഷയുടെ മഹിമയെപറ്റി വള്ളത്തോൾ പാടിയത് ഈ സന്ദർഭത്തിൽ ഓർക്കാം.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ

മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലെ

പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ"

ശ്രീജ സുഗതൻ 9A

# ക്വിസ്

1.ഇന്ത്യൻ നാവിക സേനയുടെ ഭാഗമായ ഐ.എൻ.എസ് സാമോരിൽ ഐ.എൻ.എച്ച്. എസ് നവജീവി എന്നിവ എവിടെയാണ്?

ഏഴിമല

2.പഴയകാലത്ത് ഗണനപതിപട്ടം
എന്നറിയപ്പെടുന്ന പ്രദേശം ഏത്?

സുൽത്താൻ ബത്തേരി

3.ഏറ്റവും കൂടുതൽ കാലം ലോകസഭാ സ്പീക്കറായിരുന്ന 2016-ൽ അന്തരിച്ച വ്യക്തി ആര് ?

ബൽറാം ജാക്കർ

4.ബുദ്ധചരിതം എന്ന കൃതി രചിച്ചത്ആര് ?

അശ്വഘോഷൻ

5.കടലിനടിയിലൂടെ ഇംഗ്ലണ്ടിനേയും ഫ്രാൻസിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേ ടണൽ ഏത് ?

ചാനൽ ചണൽ

6.മദർ തെരേസ വിമാനത്താവളം സ്ഥിതി ചെയ്യുന്നത് എവിടെ ?

തിരാനാ(അൽബേനിയ)

7.ഇന്ത്യൻ കപ്പൽ വ്യവസായത്തിന്റെ പിതാവ് ആര് ?

വി.ഒ.ചിദംബരം പിള്ള

8.മനുഷ്യശരീരത്തിൽ ചുവന്നരക്താണക്കൾ ക്രമാതീതമായി വർദ്ധിക്കുന്ന അവസ്ഥ ?

പോളിസൈത്തീമിയ

9.ജ്വാലമുഖി ഏത് വിളയുടെ അത്യുൽപാദന വിത്താണ് ?

മുളക്

10.ജലം,ആൽക്കഹോൾ എന്നിവയുടെ മിശ്രിതത്തിൽ നിന്നും ആൽക്കഹോൾ വേർതിരിക്കുന്ന പ്രക്രിയ ഏത് ?

ഡിസ്റ്റിലേഷൻ

അതുല്യ ആർ 9A

# അമ്മയായ ഭൂമി



ഭൂമിതൻ സൗന്ദര്യം

ഞാൻ ആസ്വദിക്കുകയാണ്.

ഭൂമിയിൽ ജനിച്ചതിൽ

ഞാൻ ഭാഗ്യവതിയാണ് .

അത്ഭുതം നിറഞ്ഞതാണ്

എന്റെ സുന്ദരമായ ഭൂമി.

ഭൂമിയാകുന്ന അമ്മ

എന്റെ സങ്കടത്തിൽ

അമ്മയായി പങ്കുചേരുന്നു.

ഞാൻ എന്റെ ഭൂമിയെ

ജീവനു തുല്യം സ്നേഹിക്കുന്നു.

അമ്മയായ ഭൂമിയുടെ

വാൽസല്യം ഞാൻ ആസ്വദിക്കുന്നു.

വൈഷ്ണവി കെ പി 8B

# നല്ലവനായ കാക്ക



ഒരിടത്ത് ഒരിടത്ത് ഒരു മാനും കാക്കയും ഉണ്ടായിരുന്നു. ഒരു ദിവസം മാനിനെ കണ്ട് വേട്ടക്കാർ അതിനെ പിടിക്കാൻ വന്നു. അവർ മാനിന്റെ പുറകെ ഓടി അപ്പോൾ മാൻ ഓടുന്നത് കണ്ട് കാക്ക പറഞ്ഞു :ഏയ് കൂട്ടുകാരാ നീ പേടിക്കേണ്ട ആ മരത്തിന്റെ ചുവട്ടിൽ നിൽക്കുന്ന പുൽകൾക്കിടയിൽ പോയി ഒളിച്ചാൽ മതി ആ വേട്ടക്കാർ നിന്നെ കാണില്ല. അവർ വന്നാൽ ഞാൻ കൊത്തി ഓടിച്ചോളാം.അപ്പോഴാണ് വേട്ടക്കാർ ആ വഴി വന്നത്. അവർ വന്നതും കാക്ക അവരെ കൊത്തി ഓടിക്കാൻ തുടങ്ങി.കാക്കയുടെ കൊത്തേറ്റ് അവർ വേദന കൊണ്ട് പുളഞ്ഞു.അതുകണ്ട് മാനും കാക്കയും പൊട്ടിച്ചിരിച്ചു. ഹ.........ഹ........ഹ.......

ലിസ്സ ബെൻസി 8A

# ചുറ്റുപാട്



കണ്ണടയ്ക്കാനാകില്ല നമുക്കിനിയും.....

കണ്ണിമ ചിമ്മാതെ നോക്കി നില്ക്കാം

കൺമുന്നിൽ നടക്കുന്നതോരോന്നും ...

കൺപോളകൾ തൽഭാരം ഏറെയാക്കുന്നു

കൊലകൾ അറുകൊലകൾ എങ്ങും...

കുഞ്ഞിന്റെ ജീവനുപോലും വിലയില്ലാതാകുന്നു

കൈക്കുഞ്ഞിനെ വിൽക്കുന്നു അമ്മമാർ....

കരയിലകറ്റാൻ കല്ലിലടിച്ചുകൊല്ലുന്നു

കുഞ്ഞുങ്ങളെപ്പോലും നരാധമൻമാർ

കടിച്ചു കീറുന്നു എങ്ങും എവിടെയും

കരയാൻ പോലും ശക്തിയില്ലാത്തവർ..

കാട്ടാളകരങ്ങളിൽ എരിഞ്ഞമരുന്നു

സ്ത്രീത്വത്തിൽ വിലപേശൽ നടക്കുന്നു

സ്ത്രീധനത്തിൻ പേരിൽ കത്തിയമരുന്നു ചിലർ

സ്ത്രീകൾ വിൽപ്പനചരക്കായ് മാറുന്നു...

സ്ത്രീകളാണവർക്കു ശത്രുക്കളെന്നും

സ്നേഹത്തിൻ അരുവികൾ വറ്റിത്തുടങ്ങിയോ

സ്നേഹിക്കാൻ മറന്നു തുടങ്ങി നമ്മളും

സ്നേഹിച്ചിടാം നമുക്കന്യോന്യം സകലരെയും...

സ്നേഹനാഥന്റെ മക്കളല്ലോ..... നമ്മൾ

ജ്യസ്റ്റീന തോമസ് 9A

കാൽ കൊണ്ടു നീ ചവിട്ടിയരച്ചിട്ടും മിണ്ടാതിരിക്കുന്നത്

ഒരു നാൾ ഞാൻ നിനക്കു മുകളിൽ വരുമെന്ന്

ഉറപ്പുള്ളതുകൊണ്ടാണ്.............................. മണ്ണ്

# അഴിമതി

ക്യാൻസർ പോലെ അഴിമതി നമ്മുടെ സമൂഹത്തിൽ പടർന്നുപിടിച്ചിരിക്കുന്നു. രാഷ്ട്രീയം പോലും അഴിമതി മുക്തമല്ല. ചുമതലാബോധവും, ധാർമ്മികതയും സത്യസന്ധതയും മനുഷ്യത്വവും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ദുരാഗ്രഹമാണ് അഴിമതിയുടെ മൂലകാരണം. സമ്പത്തിന്റെ ആകർഷണവലയത്തെ ചെറുത്തുനിൽക്കാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് ഈ തിന്മയെ വേരോടെ പിഴുതെറിയാൻ കഴിയൂ.ലളിതമായ ജീവിതവും ഉയർന്ന ചിന്തയും ആയിരിക്കണം നമ്മുടെ മുദ്രാവാക്യം. സമൂഹം ധനികരെ ആരാധിക്കാൻ തുടങ്ങിയാൽ ജനങ്ങൾക്ക് പണത്തോടുള്ള ഭ്രാന്ത് വർദ്ധിക്കും. അതുകൊണ്ട് സമ്പത്തിന് പ്രാധാന്യം നൽകരുത്. അഴിമതിക്കാർക്ക് കനത്ത ശിക്ഷ നൽകണം. അഴിമതിക്കാർ നിയമത്തിന്റെ കൈയ്യിൽ നിന്നും എളുപ്പത്തിൽ രക്ഷപെടുന്നതു കൊണ്ടാണ് അഴിമതി സമൂഹത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. സമീപനത്തിലുള്ള മാറ്റം കൊണ്ടു മാത്രമെ അഴിമതി തുടച്ചുമാറ്റാനാകൂ. ഔദ്യോഗിക കാര്യങ്ങൾക്കുണ്ടാകുന്ന കാലതാമസമാണ് അഴിമതിയുടെ മറ്റൊരു കാരണം. അതുകൊണ്ട് ഔദ്യോഗിക കാര്യങ്ങൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തണം ഇത് അഴിമതിയുടെ തോത് കുറയ്ക്കാൻ സഹായിക്കും.

അനഘ ദയാനന്ദൻ 7A

# അമ്മമനസ്സ്



ചേർന്നൊലിയാകും മഷിപോൽ

പായുമെൻ ജീവിതം

അലസമനസ്സായ് അണയുന്ന ജീവിതം

മാർഗമായ് ദീപമായ്

പൂർണകാന്തിയായെന്നുള്ളിൽ

ക്രൂരമ്പുപോലെ തറഞ്ഞൊരാ സ്നേഹം

കവിവാക്യമല്ല കാവ്യകല്പമല്ലൊരിക്കലും

കനകക്കിങ്ങിണിയല്ല മുത്തുപവിഴങ്ങളൊന്നുമല്ല

ഇവയിലും മധുവൂറും സ്നേഹവും മൂല്യവും

കൊടുത്തതാർക്കു ഞാൻ

എൻ ജനനിക്ക് മാത്രം

എൻ മിഴി നനഞ്ഞാലാ

മിഴിയും നനയും

എൻ മനം തുടിച്ചാലാ

മനവും തുടിക്കും

അമ്മ എന്ന രണ്ടക്ഷരമാണെൻ

മലയാളം

കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയ-

താർക്കറിയാം ? അറിയൂ

അമ്മയെ...................

സിനു റ്റി വർഗീസ് 7 C

# ജലം



ജീവന്റെ നിലനിൽപ്പിനെ ഏറ്റവും അധികം സ്വാധീനിക്കുന്ന അവിഭാജ്യ ഘടകമാണ് ജലം.ഖരം,ദ്രാവകം,വാതകം എന്നീ അവസ്ഥകളിൽ കാണപ്പെടുന്ന ഒരേയൊരു വസ്തു ജലമാണ്.ഭൂമിയിലെ നൂറ് ശതമാനം വെള്ളത്തിൽ വെറും മൂന്ന് ശതമാനം മാത്രമാണ് ശുദ്ധ ജലം.ബാക്കി തൊണ്ണൂറ്റി ഏഴ് ശതമാനം വെള്ളവും ഉപ്പ് വെള്ളമാണ്.കഴിഞ്ഞ കുറച്ച് ദശാബ്ദങ്ങളായി ജലത്തിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല ലോകത്തിലെ പല പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമായികൊണ്ടിരിക്കുകയാണ്.പുതിയ അനുമാനമനുസരിച്ച് രണ്ടായിരത്തി ഇരുപതോടെ ലോകജനസംഖ്യ ഇപ്പോഴുള്ളതിനേക്കാൾ ഇരട്ടിക്കും എന്നതിൽ സംശയമില്ല.ലോകത്ത് ഓരോഎട്ട് സെക്കൻഡിലും ജലജന്യരോഗങ്ങൾ മൂലം ഒരാൾ മരിക്കുന്നു എന്ന് പഠനങ്ങൾ പറയുന്നു.മനുഷ്യൻ മാത്രമല്ല മറ്റ് ജീവജാലങ്ങളും ഇതിന്റെ ദൂഷ്യവശങ്ങൾ അനുഭവിക്കുന്നുണ്ട് എന്ന് നാം മറക്കാൻ പാടില്ല. ഇന്നത്തെ അവസ്ഥയിൽ നഗര മാലിന്യങ്ങൾ, വ്യവസായ മാലിന്യങ്ങൾ,കാർഷിക അവശിഷ്ടങ്ങൾ എന്നിവയുടെ നിക്ഷേപകേന്ദ്രങ്ങളായി നദികൾ മാറിക്കൊണ്ടിരിക്കുകയാണ്.ജലത്തിന്റെ അസാന്നിദ്ധ്യത്തിൽ ഒരു ജീവകണത്തിനും ഭൂമിയിൽ മുന്നോട്ട് പോകിവാനാകില്ല.നമ്മുടെ ദാഹം ശമിപ്പിക്കാനും നമ്മുടെ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾക്കും മൃഗങ്ങളുടെയും പക്ഷികളുടെയും എന്നുവേണ്ട സമസ്ത ജീവജാലങ്ങളുടെയും നിലനിൽപ്പിന് ജലം കൂടിയെ തീരു. ഇന്ന് മനുഷ്യജീവിതത്തെ ഏറ്റവും അധികം സ്വാധീനിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നായ വൈദ്യുതിയുടെ ഉല്പാദനത്തിനും ജലം അത്യവശ്യം തന്നെയല്ലെ. അതുപോലെതന്നെ രാജ്യങ്ങൾക്കിടയിലുള്ള സാധനകൈമാറ്റത്തിന് ഏറ്റവുമധികം സഹായിക്കുന്ന ചെലവ് കുറഞ്ഞ മാർഗങ്ങളിലൊന്നാണ് ജലഗതാഗതം.ജലമില്ലെങ്കിൽ ജലഗതാഗതത്തിന് എന്താണ് പ്രസക്തി! ഇന്ന് മറ്റേതൊരു കച്ചവടസാധനവും എന്നപോലെ വെള്ളവും വില കൊടുത്ത് വാങ്ങേണ്ട സ്ഥിതിയിൽ നാം എത്തിയിരിക്കുന്നു.

റിനി മറിയം വിനോയ് 8 B

# കഠിനാദ്ധ്വാനം



മലയോര തൊഴിലാളികളായ ജ്ഞാനകിദാമോദര ദമ്പതികളുടെ മക്കളായിരുന്നു സുമേഷും, സുരേഷും. ദാമോദരൻ പകലന്തിയോളം പണിയെടുത്ത് കുടുംബം പുലർത്തി പോന്നിരുന്നു. സുരേഷും സുമേഷും പഠിക്കാൻ മിടുക്കരായിരുന്നു. പെട്ടന്നുണ്ടായ അച്ഛന്റെ വേർപാട് കുടുംബത്തിനെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് താഴ്ത്തി. അമ്മ വീട്ടുവേല ചെയ്താണ് കുടുംബം പുലർത്തുന്നത്. പത്താം ക്ലാസ്സ് പാസായ സുരേഷ് അമ്മയുടെ കഷ്ടപ്പാടുകണ്ട് ജോലിയന്വേഷിച്ച് വീടുവിട്ടിറങ്ങിയ അവന് ധനികനായ ഒരാളുടെ ആടുകളെ മേയിക്കുന്ന പണിയാണ് ലഭിച്ചത്. ആടുകളെ മേയിച്ച് പല പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞ അവൻ അതിലൂടെ സമ്പാദിച്ച പണം ഉപയോഗിച്ച് ഒരു വ്യാപാര സ്ഥാപനം തുടങ്ങാൻ ആഗ്രഹിച്ചു. ഈ പണവുമായി പോയ അവനെ ചില കൊള്ളക്കാർ ആക്രമിക്കുകയും അവന്റെ പണമൊക്കെ നഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അവൻ തന്റെ കുടുംബത്തെയും തന്റെ ലക്ഷ്യവും കൈവരിക്കേണമെന്ന ഓർമ്മ നിലനിന്നു. അവൻ അതിനായി ആ കൊള്ളസംഘത്തിൽ തന്നെ ഒരു അംഗമാകുകയും ചെയ്തു. പക്ഷെ അധികം താമസിക്കാതെ പിടിയ്ക്കപ്പെട്ടു. ജയിലിൽ ആയ സമയം ഒരു വൈദികൻ അവനെ പലപ്രാവശ്യം സന്ദർശിക്കുകയും അവനെ തെറ്റിൽ നിന്നും തിരിച്ചു വരുന്നതിന് ഒരു വിത്ത് വിതയ്ക്കുകയും ചെയ്തു. ഈ സമയം തന്നെ അവന്റെ മാതാവും സഹോദരനും ജയിലിൽ എത്തി അവനെ കണ്ടു. അവൻ തന്റെ മാതാവിന് താൻ ഇനി ഒരിക്കലും തെറ്റ് ചെയ്യില്ല എന്ന് ഉറപ്പ് നൽകി തിരികെ അയച്ചു. അധിക്കം താമസിക്കാതെ ജയിലിൽ നിന്ന് വിമോചിതനായ അവൻ തന്റെ പണം സമ്പാതിക്കണമെന്ന ലക്ഷ്യത്തെ പറ്റി ഓർത്തു. അതിനായി അവൻ വീണ്ടും കഠിനാധ്വാനം ചെയ്യാൻ തുടങ്ങി. എങ്കിലും തന്റെ പുരോഗതി കാണാതെ തന്റെ പ്രിയ മാതാവും അവനെ വിട്ട് എന്നേയ്ക്കുമായി ഈ ലോകത്തിൽ നിന്നും വിടവാങ്ങി. ഈ സമയം അവന്റെ അനിയനെ ഒരു അയൽക്കാരൻ നോക്കുകയും ആ മനുഷ്യൻ സുരേഷിന് ഒരു കൂട്ടുക്കാരന്റെ സഹായത്താൽ വിദേശത്ത് ജോലിവാങ്ങി കൊടുക്കുകയും ചെയ്തു. ഈ ജോലിയിൽ അവൻ നാൾക്കു നാൾ അഭിവൃദ്ധി പ്രാപിച്ചു. നാട്ടിലെ തന്നെ പ്രധാന സമ്പന്നനായി തിരികെയെത്തി. ഇതെല്ലാം സാധിച്ചത് ലക്ഷ്യ ബോധം ഉള്ളതുകൊണ്ടാണ്.

ആശാ അന്ന ജോസഫ് 9A

# ഗണിത ക്വിസ്




1.ഒരുത്രികോണത്തിന്റെ മൂന്ന് വശങ്ങളുടെ തുക?

ചുറ്റളവ്

2.'a' എന്ന സംഖ്യ 'a' എന്ന സംഖ്യയോട് തന്നെ 'b' തവണ കൂട്ടുന്നതിനെ വിളിക്കുന്ന പേര് ?

ഗുണനം

3. 22.12.1887 ജന്മദിനമായ ഗണിതശാസ്ത്രജ്ഞൻ ആര്?

ശ്രീനിവാസ രാമാനുജൻ

4.ഒരു സംഖ്യയെ അതിന്റെ അക്കങ്ങളുടെ തുകകൊണ്ട് നിശേഷം ഹരിക്കുവാൻ കഴിയുന്നെങ്കിൽ അത്തരം സംഖ്യകളുടെ പേരെന്ത് ?

ഹർഷദ് സംഖ്യകൾ

5.ഒരു വർഷത്തിന്റെ ദൈർഘ്യം 365.25 എന്ന് തിട്ടപ്പെടുത്തിയതാര് ?

യുഡോക്സ്

6. "ഗണിതശാസ്ത്രം ശാസ്ത്രങ്ങളുടെ രാജ്ഞിയും സംഖ്യാശാസ്ത്രം ഗണിതശാസ്ത്രത്തിന്റെ രാജ്ഞിയുമാണ് "ഇതാരുടെ വാക്കുകൾ?

കാൾ ഫ്രഡറിക് ഗാസ്

7.കടലും കപ്പലും നാവികസേനയും പരിചിതമായിരിക്കും.ഒരു നോട്ടിക്കൽ മൈൽ എന്നാൽ എത്ര മീറ്റർ?

1852

8.മഹാവർഷം എന്നറിയപ്പെടുന്ന ഒരു പ്ലാറ്റോണിക് വർഷത്തിൽ എത്ര സാധാരണ വർഷങ്ങൾ ഉണ്ട്?

25800

9.എണ്ണൽ സംഖ്യകൾ പ്രധാനമായും രണ്ട് കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു.എണ്ണാനുപയോഗിക്കുമ്പോൾ കാർഡിനൽ സംഖ്യകൾ എന്നു വിളിക്കുന്നു.സ്ഥാനക്രമം നിർണയിക്കുവാനുപയോഗിക്കുമ്പോൾ വിളിക്കുന്ന പേര് ഏത്?

ഓർഡിനൽ സംഖ്യ

ശ്രീമതി. ജിൻസി ജോസഫ്

# കൂട്ടുകാരി




മനസ്സിൻ തീച്ചൂളയിൽ ഒരു
മഴത്തുള്ളി പോൽ വന്നണഞ്ഞ കൂട്ടുകാരി
വിതുമ്പുമെൻ നയനങ്ങൾക്കു
സ്വാന്തനമാം സൗഹൃദമായി
മധുര നൊമ്പരം തന്നിടിലും
അതിലാശ്വാസം പകർന്ന നിൻ സൗഹൃദം
ഒരു സ്നേഹ സാഗരമായി എൻ
മനസ്സിൽ അലയടിക്കുന്നു
അകലെയാണെങ്കിലും എൻ ഹൃദയ
ത്തുടിപ്പായ് നിറയുന്നു നീ എൻ
ജീവിതത്തിൽ, അറിയുന്നുവോ നീ
എൻ വിതുമ്പുന്ന ഹൃദയവും നയനങ്ങളും
ഒരു നാളും പിരിയാത്ത നിൻ സൗഹൃദം
മറക്കാതിരിക്കാൻ  ഞാൻ ശ്രമിക്കും
എൻ ജീവിതമത്രയും...........

കെസിയാ തോമസ് 8A

# പ്രകൃതി മലിനീകരണം



ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ ഭീഷണിയും വരും തലമുറയോടുള്ള വെല്ലുവിളിയുമാണ് മലിനീകരണം. പ്രകൃതി എന്നു പറയുന്നത് തന്നെ മനുഷ്യൻ നിർമ്മിച്ചതല്ല. അത് ദൈവത്തിന്റെ കരവിരുതാണ്. പ്രകൃതിയെ നാം എങ്ങനെയൊക്കെ ചൂഷണം ചെയ്യുന്നുവോ അതിന്റെയൊക്കെ ഫലം നാം തന്നെ അനുഭവിക്കുന്നു. ഉദാഹരണമായി മരങ്ങൾ വെട്ടുന്നത് മൂലം അന്തരീക്ഷത്തിൽ ഉയരുന്നു. മരങ്ങളിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ കിട്ടാതെ വരും. പക്ഷികളുടെ പാർപ്പിടവും നഷ്ടപ്പെടുന്നു, വായുസഞ്ചാരം കുറയുന്നു ഇതൊക്കെ മരങ്ങൾ വെട്ടുന്നതുമൂലം ഉണ്ടാക്കുന്നു. അതുപോലെ തന്നെ പ്ലാസ്റ്റിക്കിന്റെ  ഉപയോഗവും ഒരു വലിയ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഉപയോഗശേഷം വലിച്ചെറിയുന്ന പ്ളാസ്റ്റിക്ക് മാലിന്യങ്ങളും തെർമോകോളും അഴുകിപോകാതെ കിടക്കുന്നതുകൊണ്ട് മണ്ണിന്റെ വളക്കൂറ് നഷ്ടപ്പെടുന്നു, മണ്ണിന്റെ ജലസംരക്ഷണശേഷി നഷ്ടപ്പെടുന്നു. ഇതുമൂലം നമ്മുടെ പരിസരങ്ങൾ മാലിന്യ കൂമ്പാരങ്ങളായി മാറുന്നു. മനുഷ്യനിപ്പോൾ സ്വാർഥനായി മാറിയിരിക്കുന്നു. പണത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാണ് മനുഷ്യൻ. വയലുകൾ നികത്തി ഫാക്ടറികൾ പണിയുന്നു ഇപ്പോൾ എന്തൊക്കെ വിഷങ്ങൾ ചേർത്താണ് പച്ചക്കറികൾ കൃഷി ചെയ്യുന്നത്. നാം തന്നെ കൃഷി ചെയ്താൽ  നമുക്ക് ഭയം കൂടാതെ അത് കഴിക്കാം പക്ഷെ അതൊന്നും ആരും ചെയ്യുന്നില്ല. വാഹനത്തിൽ നിന്നു വരുന്ന പുകയും പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുകയും ചേർന്ന് വായു മലിനീകരണം ഉണ്ടാകുന്നു. അതുപോലെതന്നെ വൻകിട ഹോട്ടലുകളിൽ നിന്നും ഫാക്ടറികളിൽ നിന്നും ഉപയോഗശേഷം പുറന്തള്ളുന്ന മലിന ജലം മൂലം ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നു. ഇന്ന് ശാസ്ത്ര സാങ്കേതിക വിദ്യ വളരെയേറെ വളർച്ച പ്രാപിച്ചിരിക്കെ ഇത്തരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശുദ്ധീകരിക്കാൻ മാർഗമുണ്ടായിട്ടും സാമ്പത്തിക ലാഭമോർത്ത് ആരും അത് ചെയ്യാറില്ല. ആയതിനാൽ കുട്ടികളാകുന്ന നമുക്കും നമ്മുടെ ചെറിയ കഴിവുകളുപയോഗിച്ച്  ജനങ്ങളെ ബോധവൽക്കരിച്ച് വരും തലമുറയെ ഒരു വലിയ വിപത്തിൽ നിന്നും രക്ഷിക്കുവാൻ കൈകോർക്കാം അണിചേരാം.

ലൂഡിയ  ജയൻ   10 എ

# അണ്ണാറക്കണ്ണൻ



മാവിൻ കൊമ്പിൽ ചാടിനടക്കും
അണ്ണാൻ കുഞ്ഞേ വേഗം വാ
കളിയാടാം നമുക്ക് കഥപറയാം നമുക്ക്
അണ്ണാൻ കുഞ്ഞേ വേഗം വാ
കൂട്ടുകൂടാം നമുക്ക്, പാട്ട് പാടാം നമുക്ക്
അണ്ണാൻ കുഞ്ഞേ വേഗം വാ
വേഗം വാ നീ, വേഗം വാ നീ

ഒരു കൊച്ചു വീട് ഞാൻ നിനക്ക് നൽകാം
വേഗം വാ നീ, വേഗം വാ നീ
നിനക്ക് വേണ്ടി ഞാൻ ഒരായിരം
സമ്മാനം നൽകാം വേഗം വായോ നീ
അണ്ണാറക്കണ്ണാ........................

ശിഖാ ശാന്തപ്പൻ 8 C

# സഹോദര സ്നേഹം



ഒരു വീട്ടിൽ ഒരു അച്ഛനും അമ്മയും അവർക്ക് രണ്ട് മക്കള് ഉണ്ടായിരുന്നു. ആ മക്കൾക്കിടയിൽ എന്നും ശത്രുതയായിരുന്നു.ഈ ഒരു പ്രശ്നം കാരണം അവരുടെ അച്ഛനും അമ്മയും വളരെദുഖത്തിലായിരുന്നു. എന്നും ഇവർ സ്കൂളിൽ പോകുകയും,പഠിക്കുകയും എല്ലാ ദിവസവും പള്ളിയിൽ പോകുകയും ചെയ്യുമായിരുന്ന .നല്ല സ്വാഭാവവുമായിരുന്നു. എന്നാൽ രണ്ട് പേർക്കും ഇടയിൽ സഹോദര സ്നേഹം മാത്രമില്ലായിരുന്നു. അച്ഛനും അമ്മയും എന്നും പ്രാർത്ഥിക്കുമായിരുന്നു ഇവരുടെ ശത്രുതമാറ്റിസ്നേഹംകൊണ്ടുവരാൻ.ഒരു ദിവസം ഇവർ എല്ലാവരും കൂടി ഒരു തീർത്ഥാടനത്തിനായി പോയിഅപ്പോൾഒരുഅച്ഛനെ അവർ കണ്ടുമുട്ടി.ആ കുട്ടികളോട് അച്ഛൻ പേര് ചോദിച്ചു.അവർ അപ്പു എന്നും അച്ചു എന്നും മറുപടി നൽകി.ഇവരുടെ പ്രശ്നം എല്ലാം ഇവർ ആ അച്ഛനോട് പറഞ്ഞു.ആ അച്ഛൻ അവരോട് പറഞ്ഞു ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കും.ഇത് പറഞ്ഞപ്പോൾ ആ അച്ഛന്റെയും അമ്മയുടെയും മനസ്സിൽവിശ്വാസംവർദ്ധിച്ചു.അവർതിരിച്ചുവീട്ടിലെത്തി.

അപ്പുവായിരുന്ന മൂത്തയാൾ.അവൻ സ്കൂൾ വിട്ട് വന്നപ്പോൾ ക്കിൾചവിട്ടുന്നതിനിടയിൽ തെന്നി വീണു.അപ്പോൾ അച്ചുവന്ന്പിടിച്ചെഴുന്നേൽപ്പിച്ചു.അവനെവീട്ടിൽകൊണ്ടുപോയി പരിപാലിച്ചു.പിന്നീട് അവരുടെ ശത്രുത മാറി സ്നേഹത്തോടെ ജീവിച്ചു.ആ കുടുംബം ദൈവത്തെപാടി സ്തുതിച്ചു.ആ സഹോദരന്മാർ ഇന്ന് എല്ലാവർക്കും നല്ല താങ്ങും തണലുമാണ്.ഈ ലോകത്തിലെ ഏറ്റവും വിലപ്പെട്ട സ്വത്താണ് സഹോദര സ്നേഹം.

റോസമ്മ ആന്റണി 9A



# കുഴിമടിയന്മാർ

ഒരു ഗ്രാമത്തിൽ മടിയന്മാരായ മൂന്ന് സഹോദരങ്ങൾ ഉണ്ടായിരുന്നു.അച്ഛനമ്മമാരുടെ കാലശേഷം അവർ കഷ്ടപാടുകൾ അനുഭവിക്കാൻതുടങ്ങി. നിങ്ങൾ ഇങ്ങനെ കഴിഞ്ഞാൽ മതിയോ മക്കളെ എന്തെങ്കിലും പണി ചെയ്ത് പണം ഉണ്ടാക്കാതെ എങ്ങനെ ജീവിക്കും. അയൽക്കാരിയായ നാണിയമ്മൂമ്മ ഇടയ്ക്കിടെ അവരെ ഓർമ്മിപ്പിച്ചു.ആരെന്ത് പറഞ്ഞാലും അതൊന്നും കേട്ടതായി അവർ ഭാവിക്കാറില്ല.എന്തിനും ഏതിനും മടിപിടിച്ച് ഇരിക്കുന്ന ആ യുവാക്കൾ ക്രമേണ മൂഢൻമ്മാരും താന്തോന്നികളും ആയിതീർന്നു. ദാരിദ്ര്യം അവരെ കാർന്നു തിന്നുകൊണ്ടിരുന്നു. മുഴുപട്ടിണിയിലായ അവർക്ക് ഒരിക്കൽ നാണിയമ്മൂമ്മ ഒരു പാത്രം ചോറു കൊടുത്തു. അത് പങ്ക് വച്ച് കഴിക്കാതെ എനിക്ക് തിന്നണം എനിക്ക് തിന്നണം എന്ന് പരസ്പരം പറഞ്ഞ് മൂന്നു പേരും വഴക്കായി.ഒടുവിൽ അവർ ഒരു ഒത്തുതീർപ്പിൽ എത്തി. എല്ലാവരും മിണ്ടാതിരിക്കുക ഏറ്റവും ഒടുക്കം മിണ്ടുന്നവന് ചോറ് എടുത്തുകഴിക്കാം. മൂന്ന് പേരും മൗനമായിരുന്നു. ആദ്യം മിണ്ടുന്നവർക്ക് ചോറ് കിട്ടില്ല.നാഴികകൾ കടന്നുപോയി. അങ്ങനെ ഏതാനും ദിനങ്ങൾ കടന്നുപോയി.മടിയന്മാരെ പുറത്ത് കാണാഞ്ഞിട്ട് നാണിയമ്മൂമ്മ അവരുടെ വീടിന്റെ അകത്തേക്ക് കയറി ചെന്നു. താൻ കൊടുത്ത ചോറ് അതേ പടി പാത്രത്തിൽ ഇരുന്ന് പുഴുവരിക്കുന്നു.മൂന്ന് പേരും അനക്കമറ്റ് അല്പ്പം അകലെ കിടപ്പുണ്ട്.നാണിയമ്മൂമ്മ

മൂന്ന്പേരേയും മാറി മാറി വിളിച്ചുനോക്കി.ആരും അനങ്ങിയില്ല.പാവങ്ങൾ മരിച്ചുപോയി കഷ്ടം. നാണിയമ്മുമ്മ ആൾക്കാരെ വിളിച്ചുക്രുട്ടി.നാട്ടുകാർ ശവസംസ്കാരത്തിനു ആളെ വിളിച്ചുക്രുട്ടി.നാട്ടുക്കാർ ശവസംസ്ക്കാരത്തിന് ഒരുക്കം ആരംഭിച്ചു.മൂന്നിനും ക്രുടി ഒരു കുഴിമതി. ക്രുട്ടത്തിൽ പ്രായംചെന്നയാൾ പറഞ്ഞ അഭിപ്രായം എല്ലാവരും ശരിവച്ചു. കുഴി ഒരുക്കികഴിഞ്ഞു. ഒന്നിന് മീതെ ഒന്നായി മൂന്നു ശവങ്ങളും കുഴിയിലേക്ക് ഇറക്കി വച്ചു. ഒടുവിൽ കുഴിലേക്ക് വച്ച മൂന്നാമന്റെ വലതു കാൽ അല്പം ഉയർന്നാണ് ഇരുന്നത്. കുഴി മൂടുന്നയാൽ ഉയർന്നിരുന്ന ആ മുട്ടുകാലിൽ തൂമ്പകൊണ്ട് ഒരു ഇടി "എന്നെ കൊന്നേ" എന്ന് നിലവിളി. ഇടി കിട്ടിയവനാണ് നിലവിളിച്ചത്. തൊട്ടു താഴെ കിടന്നവൻ ഉടനെ "ഇവനാ മിണ്ടിയത് " എന്ന് വിളിച്ചു പറഞ്ഞ്കൊണ്ട് കുഴിയിൽ നിന്ന് പൊങ്ങി. അപ്പോൾ ഏറ്റവും അടിയിൽ കിടന്നവൻ കുഴിയിൽ നിന്ന് എഴുന്നേറ്റ് " നിങ്ങൾ രണ്ടു പേരും മിണ്ടി" ചോറ് എനിക്ക് എന്നും പറഞ്ഞ് ആരെയും ശ്രദ്ധിക്കാതെ അകത്തേക്കു പാഞ്ഞു. മടി കാരണം കുഴി വരെയെത്തുകയും അവിടെ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയും ചെയ്ത ഈ മടിയന്മാരെ കണ്ടില്ലേ. ഇതിൽ നിന്നും എന്തു മനസ്സിലാക്കാം. മടി നമ്മളെ ഒരിടത്തും എത്തിക്കില്ല. അതുകൊണ്ട് ആരും മടിയൻമാർ ആയി ജീവിക്കരുത്.

അന്ന ജേക്കബ് 5A

# അമ്മ



എന്നെ വളർത്തും അമ്മ

എന്നെ സ്നേഹിക്കും അമ്മ

എന്നെ താലോലിക്കും അമ്മ

ചേട്ടനെ പഠിപ്പിക്കും അമ്മ

എന്നെ പഠിപ്പിക്കും അമ്മ

ആഹാരം തരും അമ്മ

വീടിന്റെ ദീപമാണ് അമ്മ

എന്നെ പ്രാർത്ഥിക്കാൻ പഠിപ്പിക്കും

ഉമ്മ തരും അമ്മ

എന്റെ സ്വന്തം അമ്മ

സാധനങ്ങൾ വാങ്ങുന്ന അമ്മ

ഒരു ഭാര്യയാണ് അമ്മ

അൻസു സാറാ ജേക്കബ്

### അനുഭവക്കുറിപ്പ്



## ജലപ്രളയം വിതച്ചത് വലിയ നാശം

ലോകം കണ്ടത്തിൽ വച്ച് ഏറ്റവും വലിയ ജലപ്രളയമാണ് 2018 ലേത്. ആഗസ്റ്റ്-15 ന് സ്വാതന്ത്രദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണവും നാം കൊണ്ടാടുന്നു.അന്ന് ഞാനും അമ്മയും സഹോദരങ്ങളും പള്ളിയിൽ പോയി.തലേദിവസം നല്ല മഴയായിരുന്നതിനാൽ തോട്ടിൽ നിന്ന് റോഡിലേക്ക് വെള്ളം കയറാൻ തുടങ്ങി.പള്ളിയിൽ നിന്ന് തിരികെ വന്നപ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടു.കാരണം ഞങ്ങളുടെ മുറ്റത്ത് അടിക്കടി വെള്ളം കയറാൻ തുടങ്ങി.അന്നേ ദിവസം തോരാതെ മഴ പെയ്തു.ആഗസ്റ്റ് 16 ന് ഞങ്ങളുടെ വീട്ടിൽ വെള്ളം കയറി.ഞങ്ങളുടെ വല്യമ്മച്ചിയും അപ്പച്ചനും ഞങ്ങളും അയൽവക്കത്തെ വീട്ടിൽ കിടന്നുറങ്ങി.പിറ്റേദിവസം അടുത്തുള്ള എല്ലാവരും ഞങ്ങളുടെ ടെറസിൽ കയറി.ഞങ്ങൾ അവിടെ വെള്ളം ഇറങ്ങുന്നതുവരെ താമസിച്ചു. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഒരാൾ മീൻ പിടിച്ചു കൊണ്ടുവരും. അമ്മയും മാമിമാരും അത് വെട്ടി കറിവച്ചു. ഒന്നുനോക്കിയാൽ ജലപ്രളയം വന്നപ്പോൾ പണക്കാരനും പാവപ്പെട്ടവരും ഒന്നിച്ച് താമസിക്കുകയും സൗഹൃദങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ആർക്കും വെള്ളത്തെ തടഞ്ഞു നിർത്താനായില്ല.ദൈവം പറഞ്ഞപ്പോൾ ജലപ്രളയം അവസാനിച്ചു.യഥാർത്ഥത്തിൽ ജലപ്രളയം ഒരു രസകരമായിരുന്നു.

സാനിയ ബിനോ 7A

# പണ്ടു പണ്ടുള്ളൊരു തേങ്ങാക്കഥ



തികച്ചും അപരിചിതമായൊരു നാട്ടിൽ ജോലിയന്വേഷിച്ചു നടക്കുകയായിരുന്നു ആ ചെറുപ്പക്കാരൻ. വഴിയിൽ അയാൾ ഒരു കച്ചവടക്കാരനെ കണ്ടുമുട്ടി. അദ്ദേഹം ചെറുപ്പക്കാരന് ഒരു സഞ്ചി സമ്മാനിച്ചിട്ട്, ഒരു ആൾക്കൂട്ടത്തെ ചൂണ്ടി അവർ ചെയ്യുന്നതുപോലെ ചെയ്യാൻ ആവശ്യപ്പെട്ടു.

എല്ലാവരും സഞ്ചിയിൽ കല്ലുകൾ നിറച്ച് മുന്നോട്ടു നീങ്ങി. വൃക്ഷങ്ങൾ നിറഞ്ഞ ഒരു താഴ്വരയിലെത്തിയപ്പോൾ അവർ മരങ്ങൾക്കു മുകളിലേക്കു കല്ലെറിഞ്ഞു. ആ മരങ്ങളിൽ കുറേ കുരങ്ങൻമാർ പാർത്തിരുന്നു. അവർ ആ മരങ്ങളിൽ കായ്ച്ചുനിന്ന കട്ടിയുള്ള കായ്കൾ പറിച്ച് തിരിച്ചെറിഞ്ഞു. സഞ്ചി നിറയെ കായ്കൾ കിട്ടിയ ആളുകളാവട്ടെ അവയെല്ലാം ചന്തയിലെത്തിച്ചിട്ട് കൈ നിറയെ പണമുണ്ടാക്കി!

ലോകപ്രശസ്തമായ 'ആയിരത്തൊന്ന് രാവുകളിൽ ' നിന്നുള്ള ഒരു കഥയാണിത് . സിന്ദ്ബാദ്  എന്ന നാവികന്റെ അഞ്ചാമത്തെ സാഹസികയാത്രയിലാണ് അവൾ ആ 'വാനരനഗര 'ത്തിലെത്തിയത്. സിന്ദ്ബാദിനും കൂട്ടുകാർക്കും ഉപകാരപ്പെട്ട ആ വൃക്ഷം ഏതായിരുന്നെന്നോ? തെങ്ങ്! ഭാരതീയ പുരാണങ്ങളിലും തെങ്ങിനെക്കുറിച്ച് ധാരാളം കഥകളുണ്ട്. അതിലൊരു കഥ ഇതാ.

ത്രിശങ്കു രാജാവ് ഉടലോടെ സ്വർഗത്തിലെത്താൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹത്തിന്റെ ഗുരുവായ വിശ്വാമിത്രൻ  സ്വർഗത്തിനും ഭൂമിക്കുമിടയിൽ ഒരു സ്വർഗമുണ്ടാക്കിക്കൊടുത്തു. അവിടെ ത്രിശങ്കുവിന്റ വിശപ്പും ദാഹവും മാറ്റാൻ ഒരു കല്പവൃക്ഷമുണ്ടായിരുന്നു. പിന്നീട് പരമശിവൻ ത്രിശങ്കുവിനെ യഥാർത്ഥ സ്വർഗത്തിൽ പ്രവേശിപ്പിച്ചു. അപ്പോൾ ത്രിശങ്കു സ്വർഗത്തിലുണ്ടായിരുന്ന കല്പവൃക്ഷം താഴെ ഭൂമിയിൽ പതിച്ചു. ഇതാണത്രേ തെങ്ങ്!

അൻസു ഏഞ്ചൽ പ്രസാദ്  IX A

# അണ്ണാറക്കണ്ണന്റെ അഹങ്കാരം



ചക്കരപ്പാടത്തെ ചക്കരമാവിൽ ഒരു അണ്ണാരക്കണ്ണൻ താമസിച്ചിരുന്നു. അണ്ണാറക്കണ്ണൻ വലിയ അഹങ്കാരിയായിരുന്നു. കുട്ടികൾ മാഞ്ചോട്ടിൽ നിന്ന് വിളിച്ചുപറയും. ' അണ്ണാറക്കണ്ണാ ' ഒരു മാമ്പഴം താഴേക്ക് തര്വോ? അതുകേൾക്കുമ്പോൾ അണ്ണാറക്കണ്ണൻ മാമ്പഴം തിന്നശേഷം മാങ്ങാണ്ടി താഴേക്കിട്ട് കൊടുത്ത് കുട്ടികളെ പറ്റിക്കും. എന്നിട്ട് മാവിൽ താമസിക്കുന്ന കാക്കകളെയും കുരുവികളെയും വിളിച്ചു പറയും 'ഹി ...ഹി... ഹി.... കണ്ടോ മനുഷ്യർ മാങ്ങായ്ക്കുവേണ്ടി എന്നോട് യാചിക്കുന്നത് . നിങ്ങളെക്കൊണ്ട് ഒരു സഹായവും അവർക്കില്ല. അതുകൊണ്ട് അവർക്ക് നിങ്ങളെ ഇഷ്ടവുമല്ല. നിങ്ങൾ ഇവിടെത്താമസിക്കുന്നത് എനിക്കു നാണക്കേടാ. ഇതുകേൾക്കുമ്പോൾ കാക്കകൾക്കും കുരുവികൾക്കും വലിയ സങ്കടം വരും. അവർ പറയും " അണ്ണാറക്കണ്ണാ ,നീ ഇങ്ങനെ അഹങ്കരിക്കരുത് നമ്മൾ പരസ്പരം സ്നേഹിച്ചും സഹായിച്ചും കഴിയുന്നതല്ലേ നല്ലത് "

" ഏം ... നിങ്ങൾ എന്നെ സ്നേഹിക്കുകയൊന്നും വേണ്ട നിങ്ങളുടെ ഒരു സഹായവും എനിക്കു വേണ്ട . " അതു പറഞ്ഞിട്ട് അണ്ണാറക്കണ്ണൻ മരച്ചില്ലകളിലൂടെ ചാടിച്ചാടിപ്പോയി. ഒരു ദിവസം മാമ്പഴം തരാതെ തങ്ങളെ പറ്റിക്കുന്ന അണ്ണാറക്കണ്ണനെ വലയിൽ കുരുക്കാൻ കുട്ടികൾ തീരുമാനിച്ചു. അവർ പണിപറ്റിക്കുകയും ചെയ്തു. അടുത്ത ദിവസം അണ്ണാറക്കണ്ണൻ വലയിൽ വീണു.
"അയ്യോ എന്നെ രക്ഷിക്കണേ "

അണ്ണാറക്കണ്ണൻ വലിയവായിൽ നിലവിളിച്ചു. ഇതുകണ്ട് ദയതോന്നിയ കാക്കയും കുരുവിയും അവനെ രക്ഷിക്കാനെത്തി. കാക്കയുടെ ചങ്ങാതി ഒരു എലിയുണ്ടായിരുന്നു. എലിയെ വരുത്തി വലകടിച്ചുമുറിച്ച് അവർ അണ്ണാറക്കണ്ണനെ രക്ഷിച്ചു. കാക്കയും കുരുവിയും വന്നില്ലായിരുന്നുവെങ്കിൽ താൻ രക്ഷപെടില്ലായിരുന്നുവെന്ന് അണ്ണാറക്കണ്ണന് മനസ്സിലായി. പരസ്പരം സ്നേഹിച്ച് ജീവിക്കുന്നതാണ് നല്ലതെന്ന് അവനുതോന്നി. പിന്നീട് അണ്ണാറക്കണ്ണൻ എല്ലാവരോടും സ്നേഹത്തോടെ പെരുമാറാൻ തുടങ്ങി.

ശ്രീലക്ഷ്മി
VIII C

# എന്റെ പ്രകൃതി



കല കല കല കിളിനാദം

ക്രൂ ക്രൂ ക്രൂ കുയിൽ നാദം

ആടിപ്പാടി പ്രകൃതിക്കായി

നമ്മുടെ ജീവന്നാധാരം

നമ്മുടെ പ്രകൃതിയെ രക്ഷിക്കാം

നമ്മുടെ ജീവൻ നിലനിർത്താം

നമ്മുടെ പ്രകൃതിയ്ക്കായി

വെയ്ക്കണം നമ്മളും ഒരു മരം

ഒരു മരം നട്ടെന്നാൽ

ഒരു വരം ലഭിച്ചപോലെ

നമുക്കും വേണം ശുദ്ധവായു

നമ്മുടെ നാട്ടിലും പച്ചപ്പ്

നമ്മുക്കും വേണ്ടേ ഒരു മരം

നമ്മുക്കും വേണ്ടേ ഒരു ജീവൻ

നമ്മുടെ പോറ്റമ്മയെരക്ഷിക്കാൻ

നിങ്ങളും വരില്ലേ എന്റെ കൂടെ

നമ്മുടെ നാട്ടിലും പച്ചപ്പ്

ഞങ്ങൾക്കുമുണ്ടൊരു ജീവൻ

കള കള കള അരുവികൾ ഒഴുകുന്നു

ശ് ശ് ശ് കാറ്റു പാടി വന്നു

ജോഷ്ന മേരി തോമസ്

# ക്വിസ്



1. ഇന്ത്യയിലെ ആദ്യ വനിത രാജ്യ സഭ വൈസ് ചെയർമാൻ?

വയലറ്റ് ആൽവ

2.കസൗളി എവിടെ?

ഹിമാചൽ പ്രദേശ്

3.ഇന്ത്യയിലെ ആദ്യ ആനിമേഷൻ സീരിയൽ?

ഗയാബ് ആയ

4.ഏതു രാജ്യത്തിന്റെ ഔദ്യോഗിക പുഷ്പമാണ് മുല്ല?

5.ഹാൻസൻസ് എന്നറിയപ്പെടുന്ന രോഗമേൽ?

കുഷ്ഠം

6.ലാലിഗയിൽ ഉപയോഗിക്കുന്ന ബോളിന്റെ പേര്?

ബ്രസൂക്കാ

7.ലോകത്തിന്റെ പഞ്ചസാര കിണ്ണം?

ക്യൂബ

8.ആധുനിക കടലാസിന്റെ ജന്മദേശം?

ചൈന

9.ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ സ്വർണ്ണ മെഡൽ നേടിയ താരം?

കാൾ ലൂയിസ്

10.ലോകത്തെ വലം വച്ച ആദ്യത്തെ കപ്പൽ?

വിക്ടോറിയ

11.പയ്യോളി എക്സ്പ്രസ് എന്നറിയപ്പെടുന്നത്?

പി.ടി.ഉഷ

അമല മോൾ സേവ്യർ

# ജീവനേകിയ ദൈവം




ഇനിയൊരു ജന്മമെനിക്കീ ഭൂമിയിൽ
ലഭിക്കുമോ എന്നു ഞാനാശിച്ചു പോയി
എത്ര മനോഹരമാണീ പ്രപഞ്ചം
ഇതിൽ സ്രഷ്ടാവിനെ നമിച്ചീടുവാൻ
മറക്കുവാൻ കഴിയില്ലെനിക്കൊരു ജന്മവും
പിരിയുവാനാവില്ല ഈ ഭൂമിയെ
ഓർക്കുന്നു ദൈവത്തിൽ കരവിരുതൊന്നും
വാഴ്ത്തി നമിക്കുന്നു മഹോന്നതന്നെ
പുകഴ്ത്തുന്നു ദൈവമേ നിന്റെ നാമം
നന്ദിയേകുന്നു നിൻ കാരുണ്യമോർത്തും

സോന മംഗളൻ 9 A

# ഹൃദയബന്ധമുള്ള രണ്ടു സുഹൃത്തുക്കൾ

ഒരിടത്ത്, ഒരിടത്ത് ഹൃദയബന്ധമുള്ള രണ്ട് കൂട്ടുകാരുണ്ട്. അവരുടെ പേരാണ് സൂസിയും സീനിയും. അവർതമ്മിൽ കുഞ്ഞുനാൾ മുതലെ സ്നേഹബന്ധമുണ്ടായിരുന്നു. സൂസി ജനിച്ചകാലംമുതൽ അനാഥാലയത്തിലാണ് താമസിക്കുന്നത്. അച്ഛനമ്മമാർ ഇല്ലാത്ത അവൾ അവരുടെ സ്നേഹം എന്തെന്നറിയാതെ അനാഥാലയത്തിലെ അമ്മമാരുടെ സ്നേഹത്തിലാണ് വളർന്നത്. സൂസി പഠിക്കാൻ വളരെ മിടുക്കിയാണ്. സീനി സൂസിയെ പരിചയപ്പെട്ടത് പള്ളിയിൽവച്ചാണ്. അവൾ പള്ളിയിൽ ഗായകസംഘത്തിൽ പാട്ടുപാടുന്നവളാണ്. അവളുടെ മധുരമായ ഈണങ്ങളും സ്വരങ്ങളും സീനിയെ വല്ലാതെ കുളിർമ തോന്നിപ്പിച്ചു. അവൾ ചെന്ന് സൂസിയോട് ചോദിച്ചു.'നിന്റെ  പേരെന്താണ് 'അവൾ മറുപടി പറഞ്ഞു'സൂസി'. നമ്മൾ രണ്ടുപേരുടെയും പേരുകൾ തമ്മിൽ എന്തുമാത്രം സാമ്യമാണുള്ളത്. സീനി പറഞ്ഞു. സൂസി ചിരിച്ചു. 'നിനക്കറിയാമോ ഞാൻ ജീവിക്കുന്നത് വലിയ മാളികയിലാണ്. ഞാനും എന്റെ  വല്യമ്മച്ചിയും. എന്റെ അച്ഛനമ്മമാർ വിദേശത്താണ്. അവർ അയയ്ക്കുന്ന പണം ഇട്ടുമൂടി ബാങ്കിൽ കിടക്കുന്നു.' സീനി, നിനക്കറിയാമോ  എന്റെ അച്ഛനും അമ്മയും ഈ ലോകം വിട്ട് അങ്ങ് ദൂരെയാണ്. ആകാശത്ത്  മിന്നുന്ന നക്ഷത്രങ്ങളെ കാണുമ്പോൾ അതിലെവിടയോ എന്റെ അച്ഛനും അമ്മയും ഉണ്ടെന്ന് വിശ്വസിക്കും. സീനിക്ക് ഇത് കേട്ടപ്പോൾ വളരെയധികം സങ്കടം തോന്നി. അങ്ങനെ രണ്ടുപേരും സന്തോഷങ്ങളും ദുഃഖങ്ങളും പറഞ്ഞ് കൂട്ടുകാരായിമാറി. രണ്ട് പേരും ഒരുമിച്ചാണ് പഠിച്ചത്. എട്ടാം ക്ലാസ്സിലായപ്പോൾ സീനിയെ വിദേശത്ത്കൊണ്ടു പോകാൻ മാതാപിതാക്കൾ വന്നു. പോകാൻ അവൾക്കൊട്ടും താത്പര്യം ഇല്ലായിരുന്നു. അവൾക്ക് അവളുടെ വല്യമ്മച്ചിയേയും പ്രിയ കൂട്ടുകാരിയായ സൂസിയെയും വിട്ട് പോകാൻ വളരെ സങ്കടമായിരുന്നു. അവൾ വാശിപിടിച്ച് കരഞ്ഞു പറഞ്ഞു ഞാൻ വരുന്നില്ല. അപ്പോൾ സൂസി ഓടി വന്നു നീ എന്തിനാണ് കരയുന്നത്

നിന്റെ മാതാപിതാക്കൾ നിന്നെ പഠിപ്പിക്കാൻ എത്ര ദൂരത്തുനിന്നാണ് വരുന്നതെന്ന് നീ മനസ്സിലാക്കണം. നീ പഠിച്ച് വലിയ നിലയിൽ എത്തണം എന്നിട്ട് മടങ്ങി വരണം. സീനി പറഞ്ഞു, നിന്നെ വിട്ട്ഞാൻ എങ്ങോട്ടും പോകില്ല പോകുന്നെങ്കിൽ നീയും വരണം.സീനി പറഞ്ഞു,ഇല്ല ഞാൻ വരില്ല,നീ പോകണം എനിക്കുവേണ്ടി,നിന്റെ മാതാപിതാക്കൾക്കുവേണ്ടി.എന്നോട് ഇഷ്ടമുണ്ടെങ്കിൽ നീ പോകും. അപ്പോൾ ഞാൻ ഇവിടെ നിൽക്കുന്നത് നിനക്ക് ഇഷ്ടമല്ല അല്ലേ.അങ്ങനെ പറയരുത് സീനി.നിന്റെ ഓർമ്മകൾ എന്നോടൊപ്പം ഉണ്ട്.നീ എവിടെയായാലും നിന്റെ സാന്നിധ്യം എന്റെ ഉള്ളിൽ ഉണ്ടാകും.സൂസീ,എന്നെ കരയിക്കരുതേ.അങ്ങനെ ദിവസങ്ങളും,മാസങ്ങളും,വർഷങ്ങളും കഴിഞ്ഞു.സീനി സൂസിയുടെ കാര്യങ്ങൾ അറിഞ്ഞിട്ട് നാളേറെയായി.പലപ്പോഴും ശ്രമിച്ചിട്ടും നാട്ടിൽ വരാൻകഴിഞ്ഞില്ല. അതിന്റെ സങ്കടം അവൾക്കുണ്ട് അങ്ങനെയിരിക്കെ അവൾക്ക് നാട്ടിലെത്താൻ അവസരം കിട്ടി.അവൾ ഓടി സൂസിയെ കാണാൻ അവൾക്ക് ഇഷ്ട്ടപ്പെട്ട പൂക്കളും കരുതി.വീട്ടിൽ ചെന്നപ്പോൾ കണ്ട കാഴ്ച....സൂസിയുടെ ഫോട്ടോ ഭിത്തിയിൽ ഒട്ടിച്ചിരിക്കുന്നു.അവൾ പൊട്ടിക്കരഞ്ഞു.തന്റെ കൂട്ടുകാരി തന്നെ വിട്ടുപോയിരിക്കുന്നു.അവളുടെ കയ്യിലെ പൂക്കൾ മെല്ലെ താഴെ വീണു.അവരുടെ സ്നേഹം കണ്ട് പ്രകൃതിയും വിതുമ്പി.

**അൻസു മറിയം അലക്സ്**
**8 ബി**

"അറിവിനും ജ്ഞാനത്തിനും വേണ്ടി വാദിക്കുന്ന ആളായിരുന്നു ഗുരു. അറിവുണ്ടാക്കുക പുസ്തകം വായിച്ചും പ്രഭാഷണങ്ങൾ കേട്ടുമാണ്.അദ്ദേഹം പറഞ്ഞു.അപ്പോൾ ജ്ഞാനമോ?

നീയാകുന്ന പുസ്തകം വായിച്ചും ..അനന്തരം ഒരു ചിന്തപോലെ അദ്ദേഹം ഇതു കൂടെ കൂട്ടിച്ചേർത്തു. അത് എളുപ്പമുള്ള ഒരു പുസ്തകമല്ലതന്നെ....

കാരണം .....ദിവസത്തിന്റെ ഓരോ നിമിഷവും അതിന്റെ പുതിയ പതിപ്പ് ഇറങ്ങുന്നുണ്ട്. ശ്രമം ഇടയ്ക്കുപേക്ഷിക്കുന്നതാണ് നമ്മുടെ ഏറ്റവും വലിയ ദൗർബല്യം.

വിജയത്തിലേയ്ക്കുള്ള ഏറ്റവും സുനിശ്ചിതമായ വഴി ഒരിക്കൽക്കൂടി ശ്രമിക്കുന്നതിലാണ്."



# ധീരജവാൻമാർ

യുദ്ധം നാടിൻ ആപത്ത്
ജവാൻമാർ നാടിൻ സമ്പത്ത്
നമ്മുടെ നാടിൻ മാനം കാക്കാൻ
വീരമൃത്യു വരിച്ചവരേ
നിങ്ങൾക്കെന്നും ഞങ്ങൾ തൻ
ആയിരമായിരം ബാഷ്പാഞ്ജലികൾ
മരണം മുന്നിൽ കണ്ടാലും
അടിപതറാതെ മുന്നേറും
ധീര ജവാൻമാർ ജയിക്കട്ടെ
നമ്മുടെ നാടിനെ രക്ഷിക്കാൻ
ജീവൻ ബലിയായ് നൽകിടും
ധീര യോദ്ധാക്കളെ പെറ്റു
വളർത്തിയ അമ്മയ്ക്കും അച്ഛനും
നന്ദിയോടെ കോടി കോടി നമസ്കാരം

അലീന അന്ന

V B

# ജൈവപ്രപഞ്ചത്തിന്റെ നിലനിൽപ്പിനുകാരണമായ

# അത്ഭുത തന്മാത്രകൾ



മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ ഭൗതികമായ നിലനിൽപ്പ്, ശരീരങ്ങളുടെ വളർച്ച,പ്രതിരോധം എന്നിവയൊക്കെ നിയന്ത്രിക്കുന്നത് നമ്മുടെ ശരീരത്തിലുള്ള ജൈവതന്മാത്രകൾ എന്നു വിളിക്കപ്പെടുന്ന വിവിധയിനം സങ്കീർണ്ണമായ തന്മാത്രകളാണ് ചെറിയ തന്മാത്രകളും ,വലിയ തന്മാത്രകളും അവയെ പൊതിഞ്ഞു സൂക്ഷിക്കുന്ന അതിതന്മാത്രകളും ഈ കൂട്ടത്തിലുണ്ട്. ഈ കൂട്ടത്തിൽ കാർബോഹൈഡ്രേറ്റുകൾ,ന്യൂക്ലിക് ആസിഡുകൾ,കൊഴുപ്പു തന്മാത്രകളായ ലിപ്പിഡുകൾ എന്നിവയുമുണ്ട്.

ജന്തുശരീരം ഒരു രാസവ്യവസായശാലയാണ്.നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ആയിരക്കണക്കിനു രാസപ്രവർത്തനങ്ങൾ നമ്മുടെ ശരീരത്തിൽ നടക്കുന്നുണ്ട്.ഈ പ്രവർത്തനങ്ങൾ സാധ്യമാകുന്നത് ശരീരത്തിലെ ജൈവതന്മാത്രങ്ങളുടെ സാന്നിധ്യവും പ്രവർത്തനവും മൂലമാണ്.നമ്മുടെ ജനിതകവിവരങ്ങൾ സൂക്ഷിക്കുന്നതും കൈമാറ്റം ചെയ്യുന്നതുമെല്ലാം മറ്റൊരു ഗണത്തിൽപ്പെട്ട പ്രധാനമായ ജൈവതന്മാത്രകൾ വഴിയാണ്.ന്യൂക്ലിക് ആസിഡുകളാണിവ.DNA,RNA തുടങ്ങി ആത്ഭുത ജൈവതന്മാത്രകളുടെ ജൈവഘടകങ്ങളാണിവ വളരെ ദുർബലമായ ഹൈഡ്രജൻ രാസബന്ധങ്ങളുടെ സഹായത്തോടെയാണ് DNA യിൽ ജനിതകരഹസ്യങ്ങൾ കോഡ് ചെയ്തുവച്ചിരിക്കുന്നത് ജീവന്റെ രഹസ്യമറിയാനുള്ള അന്വേഷണത്തിൽ പ്രപഞ്ചരഹസ്യങ്ങളുടെ അത്ഭുത അറകൾ തുറക്കാനുള്ള പ്രപഞ്ചാത്മാവിന്റെ മാന്ത്രിക താക്കോലുകളാണ് ജൈവതന്മാത്രകൾ.

മരിയ മോൾ സേവ്യർ 9A

# തേനീച്ച



ബിം ........ബിം........ തേനീച്ച

പൂവുകൾ തോറും തേനീച്ച

പൂന്തേൻ നുകരും തേനീച്ച

പൂമ്പൊടി വീശും തേനീച്ച

പൂവിലുറങ്ങും തേനീച്ച

പാടിനടക്കും തേനീച്ച

പാറിനടക്കും തേനീച്ച

സുന്ദരമായൊരു തേനീച്ച

എന്റെ സ്വന്തം തേനീച്ച

അശ്വിനി എസ്.

VIII C

# ആധുനിക വിധ്യാഭ്യാസവും കമ്പ്യൂട്ടറുകളും



അറിവിന്റെ വിസ്ഫോടനം അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകമാണ് ഇന്നത്തേത്. ഇവിടെ നമ്മുടെ വിദ്യാർഥികൾ പിൻതള്ളിപോകാതിരിക്കണമെങ്കിൽ ആധുനിക സാങ്കേതികവിദ്യയുടെ ഗുണപരമായ അംശങ്ങളെ സ്വാംശീകരിക്കാതെ തരമില്ല. ഗുരുമുഖത്തുനിന്നും പുസ്തകങ്ങളിൽ നിന്നും മാത്രം അറിവു ശേഖരിക്കുന്ന കാലം കഴിഞ്ഞു പോയിരിക്കുന്നു. ആധുനിക ലോകത്തിന്റെ മുഖച്ഛായ മാറ്റിമറിച്ച കംപ്യൂട്ടറുകളുടെ സേവനം വിദ്യാഭ്യാസത്തിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ട ഒരു കാലമാണിത്.

ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് വിവിധ ശാസ്ത്ര – മാനവിക വിഷയങ്ങളുടെ പഠനം കൂടുതൽ ഗുണപ്രധമാക്കാൻ നമുക്കിന്ന് സാധിക്കുന്നുണ്ട്. ഏത് വിവരവും വിരൽത്തുമ്പിൽ എന്ന മുദ്രാവാക്യമാണ് 'ഇന്റർനെറ്റിന്റെ'അനന്തസാധ്യതകൾ നമുക്ക് നൽകുന്നത്. ഏതു വിഷയവുമായും ബന്ധപ്പെട്ട, എത്ര ആഴത്തിൽ വേണമെങ്കിലും പഠനം നടത്താൻ സജ്ജമായ ധാരാളം സൈറ്റുകൾ ഇന്ന് നിലവിലുണ്ട്. സന്നദ്ധരായ വിദ്യാർഥികൾക്ക് എത്ര വേണമെങ്കിലും അറിയാനുള്ള വക അവ നൽകുന്നു.

വിദ്യർത്തികൾക്കൊപ്പംതന്നെ അദ്യപകർക്കും ഇത്തരം സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം. ഇന്ന് അധ്യാപക വിദ്യാഭ്യാസത്തിന്റെ സിലബസിൽ കംപ്യൂട്ടറുകളും ഇൻഫർമേഷൻ ടെക്നോളജിയും പഠനവിഷയമാണ്. ഈ സൗകര്യം ലഭിക്കാത്ത അദ്യാപകർക്ക് സർവീസിനിടയിൽ തന്നെ പരിശീലനം നേടാൻ ഇപ്പോൾ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പത്തു ദിവസത്തെ പരിശീലനമാണ് ഇന്നുള്ളത്. എന്നാൽ അത് പരിമിതമാണ്. സാധ്യായ ദിനങ്ങൾ കുറച്ചു നഷ്ടപ്പെട്ടാലും ഇത്തരം പരിശീലനങ്ങൾ ഭാവിയിൽ ഗുണപ്രദമാവുകതന്നെ ചെയ്യും.

കംപ്യൂട്ടർ ഹാർഡ് വെയറിലും സോഫ്റ്റ്വെയറിലും തൊഴിൽ സാധ്യതയുള്ള ഒരുപാട് കോഴ്സുകൾ ഇന്ന് നിലവിലുണ്ട്. ഇവയ്ക്കുള്ള പ്രാധമിക പടിയായി പ്ളസ്ടുവിലെ കംപ്യൂട്ടർ പഠനം ഉപയോഗപ്പെടുത്താം. അകൗണ്ടിംഗ് മേഖലയിൽ കംപ്യൂട്ടർ വരുത്തിയ കുതിച്ചു ചാട്ടത്തെ മുതലെടുത്തു കൊണ്ട് ബി.കോം, എം.കോം, എം.ബി.എ തുടങ്ങിയ കേഴ്സുകളുടെ സിലബസ് പരിഷ്കരണ നടപടികൾ സജീവമായി നടക്കുന്നുണ്ട്. ഇതെല്ലാം ഒരു ശുഭ സൂചനയാണ്. വരും കാലത്തിന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി നമ്മുടെ പുതുതലമുറയെ നാം വാർത്തെടുക്കാൻ തുടങ്ങിയതിന്റ ശുഭസൂചന. അത് ഫലപ്രാപ്തിയിലെത്താതിരിക്കില്ലെന്ന് നമുക്ക് ആശംസിക്കാം

ശ്രീജ സുഗതൻ 9A

# ബാല്യം



എന്നും എൻ ഓർമ്മകളിൽ
കുളിർമുത്തു വിതറുന്ന
ഒരുപിടി ഓർമ്മകൾ നൽകുന്നു
എൻ കുരുന്നു ബാല്യം.

ആദ്യമായ് അക്ഷരം പഠിക്കുവാൻ
വിദ്യാലയ പടികൾ കയറിയതും
കൂട്ടുകാരുമൊത്ത് രസിച്ചു നടന്നതും
ഇന്നും എനിക്കുന്മേഷം നൽകുന്നു.

അമ്മതൻ താരാട്ടും
അച്ഛന്റെ വാത്സല്യവും
മുത്തശ്ശിതൻ ചെറുകഥകളും
ഇന്നും വലിയ സന്തോഷമെനിക്കേകുന്നു.

തൊടിയിൽ കുഞ്ഞിക്കാൽവെച്ച് ഞാൻ നടന്നതും
കണ്ണിമാങ്ങ പറിച്ചതും
ഉപ്പുകൂട്ടി കഴിച്ചതും
ഇന്നും മധുരമാം ഓർമ്മകളാണ്.

ആദ്യമായ് ഞാൻ വീണു
കാൽമുട്ടുമുറിഞ്ഞപ്പോൾ
മുറിവ് വെച്ചുകെട്ടി എന്റേയേട്ടനും
ശുശ്രൂഷതൻ ബാലപാഠം എന്നെ പഠിപ്പിച്ചു.

ജീവിതത്തിൽ തെറ്റിലേക്ക് വഴുതി വീഴാതെ
എന്നെ കാക്കുന്ന വിജയമന്ത്രം
എന്റെ മാതാപിതാക്കൾ തന്ന
ചൊല്ലുകൾ ഒന്നുമാത്രമാണ്.

എന്നുമെൻ ഓർമ്മകളിൽ
നറുമുത്തു വിതറുന്ന
നിറയെ ഓർമ്മകളുണ്ട്
ഇന്നും എൻ മനസ്സിൽ.

ആഷ് ലി അനിൽ 9B

# പ്രളയം



ഒരു രാവു പുലരു ഭൂമിയും
പുഴയായി ചിതറുന്ന മർത്യനും
പലദിക്കിലായ് മരണം മുഖാമുഖം
കാണുന്ന മാത്രയിൽ അറിയാതെ
മക്കളെ വേർപെട്ടുപൊയി
ഉടുതുണി മാത്രമായ് കരയിലെക്കത്തിയ
മർത്യന്റെ നെഞ്ചകം നീറിട്ടുഭമ്പോൾ
ജന്മം തന്നവർജന്മം
കൊടുത്തവർ എവിടെയാണന്നറിയാതെ
തേങ്ങി കുത്തിയവർ മലവെള്ള
പ്പാച്ചിലിൽ ഉയരുന്ന തേങ്ങലുകൾ
പലകൈകളും പ്രാണനായ് പിടയുന്ന
മർത്യന്റ രക്ഷകരായ് വന്നു
ധീര പുത്രർ തൻപ്രാണൻ
നൊക്കാതെ രാവും പകലുമവർ
കാവലായ് പേറ്റുനോവോടെ പിടയുന്ന
പെൺമണി വാനിലുയർന്നവർ
തൂങ്ങിയാടി സാഹസം കാട്ടിയ ധീരനെ
നാം എന്നും മോർത്തിടേണം
നന്ദിയോടെ ആരുംവിളിക്കാതെ ഓടിയെത്തിയ
കടലിന്റ മക്കളെ നമിച്ചിടിന്നു
നന്മനിറഞ്ഞൊരാ കടലിന്റ പുത്രന്റ
സ്വന്തം ശരീരം ചവിട്ടുപടിയായ്
ഒറ്റയാക്കപ്പെട്ട കടലിന്റ മക്കളാൽ
ഇത്രയും നന്മയുണ്ടായിരുന്നു ഇതുവരെ

കാണാത്ത ഇതുവരെ അറിയാത്ത
സോദരർക്കയവർ പൊരുതിനിന്നു
കാലവർഷത്തിന്റെ കലിയടങ്ങാതെയീ
മണ്ണിന്റെ മാറിലാണീ താണ്ഡവം
ചോരനിരാക്കി സ്വരുക്കൂട്ടിയതെല്ലാം
കലിയോടെ പ്രളയം കവർന്നെടുത്തു
മഹാപ്രളയത്തിന്റെ ഭീകര ദൃശ്യങ്ങൾ
കരളിന്റെ ഉള്ളിൽ പതിഞ്ഞുപോയി
നിദ്രയിൽ പോലും ഞെട്ടിയുണരുമ്പോൾ
ഹൃദയം തകർത്തൊരാ ഓർമ്മകളിൽ
അന്നത്തിൽ വിലയറിയാതെ ജീവിച്ചാൽ
പലരും വിശപ്പാൽ കരഞ്ഞുപോയി
ഭക്ഷണ പൊതിയുമായ് രക്ഷകരെത്തുന്ന
നേരം നോക്കിയിരിപോയീ എല്ലാം
തകർത്തെറിഞ്ഞാടി തിമിർത്തൊരാ
കാലവർഷത്തിന്റെ കലിഞ്ഞി
ഇന്ന് ശാന്തമായൊകുന്ന പമ്പയും
പെരിയാറും അറിയുന്നുവോയീ
വേദനകൾ മനുജന്റെ പാപങ്ങൾ
താങ്ങാതെ പ്രക്രുതിയുടെ കണ്ണുനീരായിരിക്കും
കാലവർഷം ബാക്കി ചെറു മൺക്രൂന
ചെളിയായി എറിയുന്ന രാഷട്രീയക്കാർ
ഇനിയെന്ത് വേണമെന്നറിയാതെ കുഴയുന്ന
പുനർജന്മം കൊണ്ടൊരീ കേരളത്തിൽ
ശാന്തമായി ഒരു രാവു ഉറങ്ങുവാനാകുമോ
അറിയില്ല മർത്ത്യനീ കേരളത്തിൽ

അഖില അശോക്

# GOOD MORNING



G---- Get up

O---- Open Your Heart

O---- Open Your Mind

D-- - Dedicate your Day to God

M----Meditate

O----Optimise Your resources

R----Rebuke All Negative thoughts

N---Never Under Estimate Your Potential

I----Inspire Some one

N---Never Loose Faith

G---Go Out With Joy and Confidence.

Nandana S 8B

# FRIENDSHIP



Friendship is a special bond.

Which is deeper than the deepest pond,

it is mainly based on trust

friendship is must

in true friendship one can die

But never tell a single lie

you are lucky, it you have a true friend

friendship gives a lot of fun

And encourages us to shine like the sun

friendship gives tranquillity of mind

Therefore,a true friend is necessary to be found.

Friendship leaves beauty in you

that you heart glitters like morning dew

friendship never seeks for rest

But influences you to become the best

Agnus Mariya 8A

# Know your ministers



Brain – Prime minister

Intelligence – Education minister

Heart – Home minister

Lungs – Health minister

Skin – Defence minister

Hands – Finance minister

Legs – Transport minister

Tongue – Broadcasting minister

Stomach – Food minister

Bone – Building minister

Eyes – Observation minister

Teeth – Industry minister

Head – Forest minister

Gayathri Vinod

# Let us listen



Avoid negative sources , peoples , places , things ,

habits ,

Believe in yourself

Consider things from every angle

Don't give up $ Don't give in

Enjoy life today , yesterday is gone , tomorrow may not come

Family $ friends are hidden treasure , enjoy

Give more than you planned to

“Yesterday Is History
Tomorrow is Mystery
But,Today is a gift
That is why it is called----THE PRESENT.”

# Magic Beauty



For keeping yourself beautiful here are simple methods

Fore a beautiful eyes – Be innocent

For a beautiful lips – Speak good

For a beautiful smile – Be loving

For a beautiful ear – Hear good

For a beautiful face – Be calm

For a beautiful nail – Be caring

For a beautiful hair – Keep your brain unpolluted.

For a beautiful appearance – Keep your heart clear.

Krupamol P.T.
8 B

# The Best



The best teacher - Experience

The best book - Life

The best food - Thought

The best dress - Smile

The best shelter - Truth

The best medicine - Laughter

The best hobby - Service

The best gift - Forgiveness

Janvi Sasidharan

10 A

# THE DIVERSE BEAUTY



Life on earth,

a mixture of wonders

from the first breath,

the voyager wanders.

In search of the deep mysteries

and to reveal them

in plight of the beauty,

the beauty of its diversity.

Having everything unique,

pouring the beauty of diversity.

The diversity of land,

culture and organisms.

Desk and dawn,

the scenes of red sky.
Seeking the arrival
and departure of joy and work.

The heartful lady
welcomes light
with the dance of dews
on the fluttering leaves.

Thin strands of sunlight
arrives by making wonders.
Creating rainbows, in
refracting with dew drops.
The song of birds
declares, "its morning".
The humans rush to work,
utilizing the nature's blessing.

The animals wander
in search of food.
Through the deep forests
taking in the pure air.

Homosapiens dive into the ponds;

to take bath in the icing cold.
Merging into the nature,
having the fresh water.

The green plants flourish
in the intense sunshine,
producing the best yield
by the wonder photosynthesis.

The dark clouds that fills the sky,
filters the impurities,
cleanses and nourishes the fields
through an amazing rain.

The plants that stood tired
in the bright heat and light
takes rest and becomes fresh
by the refreshing rain.

The thunder and lightning
announces the arrival of rain.
And the wonder rainbow
declares its departure.

When the fields are in need
to have a lot of water;
the clouds come for their help
with an awesome rain.

The who is rising in the east
and sets in the west
with a spread of reddishness
leading to the dark night.

The birds fly with speed
in a rush to reach back home,
before the moon arrives
to light the dark night.

Summer and winter
spring and autumn;
the changing seasons
maintains the beauty of diversity.

The different land masses
the varying climate
the varying culture

and the diverse beauty.

This is the awesome beauty
that always attracts us
to have the joy of living
without being bored.

The earth, a true wonder
of unending beauty;
providing life and joy
to all those who live in it.

Amala Anna Anil
10 A

"If you salute for Duty
You no need to salute Any body

But

If you pollute your duty
You have to salute Every body.."..

## परिश्रम का बिजय



रामु एक साधारण लटका था |वह एक सिधे साधे किसीन का बेटा था |वो एक कलाकार बनाना चाहता थी |ऐक दिन उसका पिताजि ने उसको खेते करने केलिये खेत बेचा |लेकिन उसने पापा के कहा कि वह खेति करना नहिं आता |कुछ दिन बाद उन्होंने  रामु का हाथ में तलवार देकर राजा जी का सेवा करने को कहा |रामु ने तलवार अपने गले में रखकर पिताजी को कहा कि वह अपने आप हत्या करूंगा |क्योंकि उसे एक चितृकार बनाना चाहता हूं |लेकिन पिताजि को रामु चित्रकार बनाना पसंद नहीं था |इसलिए रामु धर छोटने का फैसला किया | पापा ने उसे कहा कि एक दिन रामु ने सब खोकर धर में आऊंगा और पापा से मांगूंगी |उसने अकेले एक धर में जीने लगा एक दिन उनहें बासार में अपना दोस्त से मिला | उसने रामु को एक मेला के बारे में कहा |एक हप्ते बाद हे | जीतने वाले को राजाजि बहुत बटा तोइफा दे दूंगा | रामु ने परिश्रम किया | राजाजि का बेटा रामु को हराना चाहता था | उसने राजाजि को कहा कि रामु आपकि चिऱ्र अपने आप न बना उन्होंने चित्र खरीद लिया था | राजाजि अपने बेटे के बारे में जानता था | उसने रामु का चित्र देखा |  एक दम अच्छा हे | रंगों सूखा न होगे | राजाजी सब समझ गया और रामु को ताहफा दिया | वह बहुत खुश हुआ | राजाजी ने उसको ऐक नहल और कुछ नौकरों को दिया और उनकेलिये चित्र बनाने को आदेश

दिया | यह देखकर रांमु का पोपो कि आंखों से आंसु आया | रामु ने अपने मां-बाप और बहनकेो अपने नया महल में ले गया | रामु ने पापा को कहा कि उसके धर अपने पापा को धर हे और अब वह पापा के पास आया | पापा ने उसके गल मेलते और आशिर्वाद किया , और सदा खुश रहने का फैसला किया |

शिख : परिश्रम करके विजय मिलना बहुत बटा बात है | परिश्रम करो |

लक्षमिप्रिया पि जे
**ix A**

# प्रेम




सृष्टि महा परिणाम
महावेला का शुभाक्षण
उगा हुआ सबकॆ अंदर
नित्य सनातन प्रॆम।

प्रॆम सत्य हॆ स्वांतन हॆ
विश्व का महा विकार
पशु पक्षि मानव जीव जन्तु
सब मॆं हॆ प्रॆम

मां का वात्सल्य प्रॆम
वाप का ष्रॆष्ट प्रॆम
दोस्त का हार्थिक् प्रॆम
पैरॊं का दैश प्रॆम

यहां हॆ वह वहां हॆ वह
प्रॆमियॊं की ज्वाला जल रहि हॆ
नही विकार् प्रॆम सॆ ऊपऱ
सीमा नही निरमल  प्रॆम कॊ

भाव राग ताल हे प्रॆम
मगर प्रम कुरुप हे ता
जन्म हॊता अत्याचार
कठॊर भावना की समस्याए

करॆ प्रॆम सच्चाई
निरमल करॆ नित्य विकार कॆ
फैलॆ ज्वाला विश्व भर
प्रम है सकल विश्व मं

अनु जोसफ्



പ്രണാമം...

പിക്സൽസ് അണിയിച്ചൊരുക്കുവാൻ
അദ്ധ്വാനിച്ച കരങ്ങൾ
അനവധിയാണ്.....

കവർ ചിത്രം തയ്യാറാക്കിയ ജാൻവിക്കും
പ്രിയപ്പെട്ട അദ്ധ്യാപകർക്കും
കൂട്ടുകാർക്കും നന്ദി..നന്ദി..നന്ദി...